എൽ.എഫ്.പി.റ്റി.എ.പി2/236/13 തീയതി: 30.11.13/13.12.13

പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലെ വരവു ചെലവ് കണക്കുകകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്. (1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ് 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13 വകുപ്പ്, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

Local Fund Audit Department

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥയുടെ പേരും ഉദ്യോഗപ്പേരും	:	ശ്രീമതി ജെ.സതിയമ്മ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചുകിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

പഞ്ചായത്ത് 01.04.10 മുതൽ 31.03.12 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിയ്ക്കുകയുണ്ടായി.

ഓഡിറ്റ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ വിവരം

സ്ഥാപനത്തിന്റെ 2010-11, 2011-12 വർഷങ്ങളിലെ ഓഡിറ്റ് സർട്ടിഫിക്കറ്റുകൾ യഥാക്രമം പി1/878/11, തീ. 30.10.11, പി1/105(4)/12, തീ. 31.10.12, എന്നീ നമ്പരുകൾ പ്രകാരം ഈ ഓഫീസിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ട്.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് വിനിയോഗിച്ച സമയം	ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം (വരവ്/ചെലവ്/വാർഷികം)	ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം
16.01.13 മുതൽ 31.01.13 വരെ	2010-11 & 2011-12 വാർഷികം	ശ്രീ റ്റി. അനിൽകുമാർ, ഓഡിറ്റ് ഓഫീസർ, ശ്രീമതി സിജാറാണി, ശ്രീമതി ജെ. ജയകുമാരിയമ്മ, ഓഡിറ്റർമാർ

നിർവഹണാധികാരികൾ:

പ്രസിഡന്റ്	1.	ശ്രീ ആർ. ജയൻ (01.04.10 മുതൽ 30.10.10 വരെ)
	2.	ശ്രീമതി വിജയമ്മ (01.11.2010 മുതൽ 31.03.2012 വരെ
സെക്രട്ടറി	1.	ശ്രീ തങ്കപ്പൻ കെ.ആർ. (01.04.2010 മുതൽ 06.04.2010 വരെ
	2.	ശ്രീ എം.എ. ബർണബാസ്, ജോയിന്റ് ബി.ഡി.ഒ (07.04.10 മുതൽ 10.05.10 വരെ)
	3.	ശ്രീ തങ്കപ്പൻ കെ.ആർ. (10.05.10 മുതൽ 19.02.11 വരെ)
	4.	ശ്രീ കെ. പത്മാധരൻ, ജോയിന്റ് ബി.ഡി.ഒ. (20.02.11)
	5.	ശ്രീ എം. അരവിന്ദാക്ഷൻ നായർ (21.02.11 മുതൽ 30.05.11 വരെ)
	6.	ശ്രീ തങ്കപ്പൻ കെ.ആർ. (31.05.11 മുതൽ 11.08.11 വരെ)
	7.	ശ്രീമതി കെ. രശ്മിമോൾ (11.08.11 മുതൽ 30.08.11 വരെ)
	8.	ശ്രീ പി.എം.മോഹനൻ (31.08.11 മുതൽ 12.09.11 വരെ)
	9.	ശ്രീ കെ. പത്മാധരൻ (13.09.11 മുതൽ 24.10.11 വരെ)
	10.	ശ്രീ പി.എം. മോഹനൻ (25.10.11 മുതൽ 07.11.11 വരെ)
	11.	ശ്രീമതി കെ.രശ്മിമോൾ (08.11.11 മുതൽ 31.3.12 വരെ)

Local Fund Audit Department

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾകൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

ഭാഗം 1	***പൊതു അവലോകനം***
	ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.
ഭാഗം 2	***വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ***
	പഞ്ചായത്തിന്റെ വരവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ
ഭാഗം 3	***ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ***
	പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ
ഭാഗം 4	***ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും***
	പഞ്ചായത്തിന്റെ വിവിധ ഇനങ്ങളിൽ ഉള്ളതും ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയതുമായ വാർഷിക കണക്കുകളെ സംബന്ധിച്ച വിവരങ്ങൾ, സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

Local Fund Audit Department

ഭാഗം - 1: പൊതു അവലോകനം

പറക്കോട് ബ്ലോക്ക് പഞ്ചയത്തിന്റെ 2010-11, 2011-12 വർഷത്തെ ബജറ്റ്, വാർഷിക ധനകാര്യ പത്രികകൾ എന്നിവ പ്രകാരമുള്ള വരവ് ചെലവ് കണക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ബജറ്റ് പ്രകാരം		ബജറ്റ് പാസ്സാക്കിയ തീയതി	വാർഷിക ധനകാര്യ പത്രിക പ്രകാരം	
	വരവ്	ചെലവ്		വരവ്	ചെലവ്
2010-11	488210000	488210000	30.01.10	191794068	127908952
2011-12	609585450	609586139	07.02.12	202869823	201153896

****പഞ്ചായത്ത് കമ്മിറ്റിയുടെ 14-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചു.***

2010-11, 2011-12 വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയതിൽ 4368 രൂപ പഞ്ചായത്തിന്റെ വരവ് ഇനങ്ങളിൽ നഷ്ടമുണ്ടായതായും, 154700 രൂപ ഓഡിറ്റിൽ അംഗീകരിക്കാൻ സാധിക്കാത്ത വിധത്തിൽ ചെലവ് ചെയ്തതായും കാണുന്നു. കൂടാതെ വിവിധ കാരണങ്ങളാൽ 10996379 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട മറ്റ് പൊതുവായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

പഞ്ചായത്ത് രാജ് നിയമത്തിലെ 4-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള മേഖലാ ടിസ്ഥാനത്തിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയാകണം ബ്ലോക്ക് പഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടത്. എന്നാൽ ഓഡിറ്റ് കാലയളവിൽ (2010-11 & 2011-12) ബ്ലോക്ക് പഞ്ചയത്തിന് ചുമതലയില്ലാത്ത മേഖലകളിൽ ഒട്ടേറെപ്രോജക്ടുകൾ ആവിഷ്കരിക്കപ്പെട്ടതായും, അവയ്ക്ക് ജില്ലാ ആസൂത്രണസമിതി നിർവ്വഹണാനുമതി നൽകിയതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് ചുമതലയില്ലാത്ത മേഖലകളിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

Local Fund Audit Department

പദ്ധതി രൂപീകരണത്തിലും, നിർവ്വഹണത്തിലും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ വ്യാപകമായി ലംഘിക്കപ്പെട്ടിട്ടുണ്ട്. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ 5 ലക്ഷത്തിൽ കുറവ് അടങ്കലുള്ള പദ്ധതികൾ നടപ്പിലാക്കാൻ പാടില്ല. എന്നാൽ ഓഡിറ്റ് കാലയളവിൽ ബ്ലോക്ക് പഞ്ചയത്ത് നടപ്പിലാക്കിയ ഭൂരിപക്ഷം പ്രോജക്ടുകളും 5 ലക്ഷത്തിൽ താഴെ മാത്രം അടങ്കലുള്ളവയായിരുന്നു. മാർഗ്ഗരേഖ പ്രകാരം കുറഞ്ഞത് 8 മീറ്റർ വീതിയുള്ളതും, രണ്ട് ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതോ, പുതിയ പ്രദേശങ്ങളിലേക്ക് കടക്കുന്നതോ ആയ ലിങ്ക് റോഡുകൾ മാത്രമേ ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി ഏതെങ്കിലും ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് മാത്രം ഒതുങ്ങി നിൽക്കുന്ന വില്ലേജ് റോഡുകളുടെ നിർമ്മാണമാണ് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളത്. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ടുകൾ ആവിഷ്കരിച്ചതും, ആയതിന് ജില്ലാ ആസൂത്രണസമിതി നിർവ്വഹണാനുമതി നൽകിയതും ക്രമവിരുദ്ധമായ നടപടിയാണ്.

പദ്ധതി നിർവ്വഹണത്തിന് ലഭ്യമായ ഫണ്ട് ഡിവിഷൻ അടിസ്ഥാനത്തിൽ വീതം വെച്ചാണ് പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുള്ളത്. ഓരോ മേഖലയിലും തയ്യാറാക്കുന്ന പ്രോജക്ടുകളും പരിപാടികളും

വരെ ഡിവിഷൻ അടിസ്ഥാനത്തിൽ വീതം വയ്ക്കുന്നതിലൂടെ യഥാർത്ഥ വികസന ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയാതെ പോയി. ഓരോ പ്രദേശത്തിന്റേയും ആവശ്യങ്ങളും സാദ്ധ്യതകളും വിശദമായി പഠിച്ചതിനുശേഷമായിരുന്നില്ല അടിസ്ഥാന വികസന മേഖലയിലെ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളത്. ജനങ്ങളുടെ ആവശ്യങ്ങളോ ആ പ്രദേശത്തിന്റെ മൊത്തം വികസനത്തിന് ആ പ്രോജക്ടിനുള്ള പ്രാധാന്യമോ സംബന്ധിച്ചുള്ള വിലയിരുത്തലുകൾ വേണ്ടത്ര നടത്തിയിരുന്നില്ല.

ഓഡിറ്റ് കാലയളവിൽ ബ്ലോക്ക് പഞ്ചയത്തിന് ലഭിച്ച മെയിന്റനൻസ് ഗ്രാന്റിൽ സിംഹഭാഗവും വകമാറ്റിയാണ് ചെലവഴിച്ചിട്ടുള്ളത്. ബ്ലോക്ക് പഞ്ചയത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനാണ് സർക്കാർ മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നത്. എന്നാൽ താഴെ തട്ടലുള്ള ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലുള്ള അംഗൻവാടികളുടെ മെയിന്റനൻസിനാണ് ബ്ലോക്ക് പഞ്ചായത്തിന്റെ മെയിന്റനൻസ് ഗ്രാന്റ് പ്രധാനമായും വിനിയോഗിച്ചിട്ടുള്ളത്. മെയിന്റനൻസ് ഗ്രാന്റിന്റെ വകമാറ്റി ചെലവഴിക്കൽ ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രത്യേക ഘടകപദ്ധതി ഫണ്ട് വിനിയോഗിച്ച് കോളനി സമഗ്രവികസനമെന്ന പേരിൽ നടപ്പാക്കിയിട്ടുള്ള പ്രവൃത്തികൾ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. പ്രത്യേക ഘടകപദ്ധതിയിൽ പശ്ചാത്തല മേഖലയിൽ ചെലവഴിക്കാവുന്ന തുകയുടെ പരിധി 20 ശതമാനമാണ്. എന്നാൽ സേവന മേഖലയിൽ ഉൾപ്പടുത്തി നടപ്പാക്കിയ കോളനി സമഗ്രവികസന പദ്ധതികളുടെ ഭാഗമായി 80 ശതമാനം ഫണ്ടും പശ്ചാത്തല മേഖലയിലാണ് ചെലവഴിച്ചിട്ടുള്ളത് (ഖണ്ഡിക 3-8 കാണുക).

Local Fund Audit Department

ബജറ്റ്

ഭരണപരവും സേവന സംബന്ധവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും, സാമൂഹ്യ നീതിയും സാമ്പത്തിക വികസനവും കൈവരിക്കുന്നതിനുമായി വിഭവങ്ങൾ എങ്ങനെ സമാഹരിക്കാമെന്നും, എങ്ങനെ ചെലവുകൾ നടത്താമെന്നും, വിശദമായി തയ്യാറാക്കുന്ന രേഖയാണ് ബജറ്റ്. ഓരോ വരവ് ചെലവ് നിർദ്ദേശത്തിനും അടിസ്ഥാനമുണ്ടായിരിക്കുകയും, വരവ് ചെലവുകൾ ഉൾപ്പെടുത്തുന്നത് യാഥാർത്ഥ്യ ബോധത്തോടെ ആയിരിക്കുകയും വേണം.

ബ്ലോക്ക് പഞ്ചായത്തിന്റെ 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലെ ബജറ്റ് പ്രകാരമുള്ള വരവ് ചെലവിന്റേയും, വാർഷിക ധനകാര്യ പത്രിക പ്രകാരം യഥാർത്ഥത്തിലുള്ള വരവ്

ചെലവിന്റേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ബജറ്റ്/ധനകാര്യ പത്രിക	വരവ്	ചെലവ്
2010-11	ബജറ്റ് പ്രകാരം	488210000	488210000
	വാർഷിക ധനകാര്യ പത്രിക പ്രകാരം	191794068	127908952
	കുറവ് ശതമാനത്തിൽ	61%	73%
2011-12	ബജറ്റ് പ്രകാരം	609585450	609586139
	വാർഷിക ധനകാര്യ പത്രിക പ്രകാരം	202869823	201153896
	കുറവ് ശതമാനത്തിൽ	66%	67%

ബജറ്റ് നിജസ്ഥിതിയുമായി പൊരുത്തമില്ലാത്തതായിരുന്നുവെന്ന് മേൽ സൂചിപ്പിച്ച കണക്കുകളിൽ നിന്നും വ്യക്തമാണ്. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ സൂചിപ്പിക്കുന്നത് സ്ഥാപനത്തിലെ ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ്.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214(2) വകുപ്പ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ 5% മിച്ചമുള്ള ബജറ്റാണ് തയ്യാറാക്കേണ്ടത്. എന്നാൽ 2010-11 സമ്പത്തിക വർഷത്തിൽ വരവും ചെലവും തുല്യമായ ബജറ്റ് തയ്യാറാക്കിയപ്പോൾ 2011-12 സമ്പത്തിക വർഷത്തിൽ കമ്മി ബജറ്റാണ് തയ്യാറാക്കിയത്. കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ടുള്ള യാഥാർത്ഥ്യബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാത്തതിനാൽ സമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കുവാൻ സാധിച്ചിട്ടില്ല.

Local Fund Audit Department

കാഷ് ബുക്ക്

2010-11 സാമ്പത്തിക വർഷത്തിൽ കാഷ് ബുക്ക് മാസാന്ത്യ/വർഷാന്ത്യ ക്ലോസിംഗ് നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കാഷ് ബുക്കിലെ മാസാന്ത്യ ക്ലോസിംഗ് ബാലൻസ് വിശകലന പ്രകാരം ട്രഷറി/ബാങ്ക് എന്നിവയിലുള്ള ബാലൻസ്, പാസ്സ് ബുക്ക് പ്രകാരമുള്ള ബാലൻസുമായി ഒത്തുനോക്കി മാസാന്ത്യ/വാർഷാന്ത്യ റിക്കൺസിലിയേഷൻ നടത്തി കാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ഈ നടപടിക്രമങ്ങൾ ഒന്നും പാലിക്കാത്തതിനാൽ, കാഷ്

ബുക്കിലും വാർഷിക ധനകാര്യ പത്രികയിലും സൂചിപ്പിച്ചിട്ടുള്ള വിവിധ ബങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുക വ്യത്യസ്തമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കാഷ് ബുക്ക് പ്രകാരം	--	*25934441*
വാർഷിക ധനകാര്യ പത്രിക പ്രകാരം	--	*25306470*
വ്യത്യാസം	–	*627971*

കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരമുള്ള 17978475 രൂപ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി വിവരം കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

2010-11, 2011-12 സാമ്പത്തിക വർഷങ്ങളിൽ കാഷ് ബുക്ക് യഥാവിധി ക്ലോസിംഗ് നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ് ചെലവുകളുടെ വിശദാംശങ്ങളുടെ അടിസ്ഥാന രേഖയായ കാഷ് ബുക്ക് യഥാവിധി എഴുതി സൂക്ഷിക്കാതിരുന്നത് ഗൗരവം അർഹിക്കുന്ന വീഴ്ചയാണ്.

Local Fund Audit Department

<u>വാർഷിക ധനകാര്യ പത്രിക</u>

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) ജി.ഒ.(പി)319/03/ഫിൻ, തീയതി 12.06.03 നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത മാതൃകയിലല്ല 2010-11 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയിട്ടുള്ളത്.

(2) 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രികകളിൽ തൻവർഷത്തെ ബജറ്റ് എസ്റ്റിമേറ്റ്, മുൻവർഷത്തെ വരവ് ചെലവ് വിശദാംശങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

(3) വിവിധ സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികളുടെ 2010-11 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പും 2011-12-ലെ മുന്നിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിന്റെ വിവരം	2010-11-ലെ നീക്കിയിരിപ്പ്	2011-12-ലെ മുന്നിരിപ്പ്	വ്യത്യാസം
എസ്.ജി.എസ്.വൈ	2057985	772342	(-) 1285643
സാക്ഷരത	20420	31915	(+) 11495
ഐ.എ.വൈ (പഞ്ചായത്ത് വിഹിതം)	20634869	13846381	(-) 6788488
നബാർഡ്	3285391	1000000	(-) 2285391

ഭാഗം - 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1) സർക്കാർ ഗ്രാന്റുകൾ യഥാസമയം ചെലവഴിക്കുന്നതിൽ വീഴ്ച - ഷോർട്ട് ഫാളിനത്തിൽ പഞ്ചായത്ത് ഫണ്ടിന് 28.79 ലക്ഷം രൂപ നഷ്ടമായി

ഓഡിറ്റ് കാലയളവായ 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിൽ വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ യഥാസമയം ചെലവഴിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഗ്രാന്റിനത്തിൽ ലഭിക്കുന്ന തുകയുടെ നിശ്ചിത ശതമാനം ചെലവഴിക്കാതിരുന്നതിനാൽ തുടർന്നുള്ള വർഷങ്ങളിലെ വിഹിതത്തിൽനിന്നും നിശ്ചിത ശതമാനം സർക്കാർ കുറവ് ചെയ്യുകയുണ്ടായി.

2010-11 വർഷത്തെ വികസന ഫണ്ടിന്റെ വിനിയോഗത്തിലുള്ള കുറവ് കാരണം2012-13-ലെ ബജറ്റ് വിഹിതത്തിൽനിന്നും 2479000 രൂപയും, 2011-12-ലെ മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗത്തിലുള്ള കുറവ് കാരണം 2013-14 വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും 400000 രൂപയും സർക്കാർ കുറവ് ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	വികസന ഫണ്ട്				മെയിന്റനൻസ് ഗ്രാന്റ്			
	ക്യാരിഓവർ വിഹിതം ഉൾപ്പടെ ആകെ ലഭ്യമായ തുക	ആകെ ചെലവ്	ചെലവിന്റെ ശതമാനം	ഷോർട്ട്ഫാൾ	ക്യാരിഓവർ വിഹിതം ഉൾപ്പടെ ആകെ ലഭ്യമായ തുക	ആകെ ചെലവ്	ചെലവിന്റെ ശതമാനം	ഷോർട്ട് ഫാൾ
2010-11	44665602	28811763	64.5%	2479000	4119469	3230155	78.41%	ഇല്ല
2011-12	45601839	40730216	89%	ഇല്ല	3943126	1003188	25%	400000

Local Fund Audit Department

2-3) വരവിൽ നഷ്ടം - 4368 രൂപ

രസീത് ബുക്ക് നമ്പർ 479-ലെ രസീതി നമ്പർ 4, 5 എന്നിവ പ്രകാരം ടെണ്ടർ ഫോറത്തിന്റെ വിലയായി ഈടാക്കിയ 4368 രൂപ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല. രസീത് പ്രകാരം പിരിച്ചെടുത്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

രസീതി നം.	തീയതി	തുക	തുക ഒടുക്കിയ ആളിന്റെ പേര്
4/479	10.08.10	2184	ശ്രീ അജികുമാർ
5/479	10.08.10	2184	ശ്രീ ബിജു
ആകെ		**4368**	

ഈ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

2-4) റീഫണ്ട് ചെയ്യാത്ത ഡെപ്പോസിറ്റ് തുകകൾ പഞ്ചയത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് പ്രകാരം മൂന്ന വർഷത്തിനുമേൽ തിരിച്ചു കെടുക്കാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ്. നിയമാനുസൃതമായ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	തീയതി	നിക്ഷേപകന്റെ പേര് വിവരം	നിക്ഷേപത്തിന്റെ വിവരം	രസീതി നം./എഫ്.ഡി നം.	തുക
1.	06.08.05	ശ്രീ കെ.വിജയകുമരൻ നായർ	ചെട്ടിശ്ശേരിപടി-ചാവരുകണ്ടം റോഡ് (നിരതദ്രവ്യം)	എഫ്.ഡി.നം. 21949/30/07/05	3750
2.	10.02.04	ശ്രീ ജോസ് മാത്യു	നിരതദ്രവ്യം	രസീതി നം.89/10.02.04	2500
3.	30.12.04	ശ്രീ ആർ.അജികുമാർ അജിഭവനം	ഏനാദിമംഗലം പി.എച്ച്.സി. കെട്ടിട മെയിന്റനൻസ്	രസീതി നം. 12/30.12.04	5000

Local Fund Audit Department

			(നിരതദ്രവ്യം)		
4.	30.12.04	ശ്രീ അലക്സാണ്ടർ ജേക്കബ്	നിരതദ്രവ്യം	രസീതി നം. 15/30.12.04	6000
5.	06.08.05	ജയലക്ഷ്മി ഏജൻസീസ്, കോട്ടയം	തയ്യൽ മെഷീൻ വങ്ങൽ (നിരതദ്രവ്യം)	രസീതി നം. 24/06.08.05)	9000
6.	06.08.05	ശ്രീ. റോയി തോമസ്	കൊട്ടയ്ക്കാട്ടുപടി- കരോട്ടുകോണിൽ റോഡ് (നിരതദ്രവ്യം)	രസീതി നം. 39/06.08.05)	3750
7.	06.08.05	ശ്രീ.ബെന്നി ജൊർജ്ജ്	കമ്പ്യൂട്ടർ വാങ്ങൽ (നിരതദ്രവ്യം)	രസീതി നം. 41/06.08.05	3875
8.	06.08.05	ശ്രീ.ഉണ്ണിപ്പിള്ള	മുണ്ടുതോട്ടിൽ കോളനി റോഡ് (നിരതദ്രവ്യം)	രസീതി നം. 50/19.08.05	7500
9.	06.08.05	ശ്രീമതി അനിത ജോർജ്ജ്	തയ്യൽ മെഷീൻ വങ്ങൽ (നിരതദ്രവ്യം)	രസീതി നം. 44/06.08.05	3000
10.	06.08.05	ശ്രീ.ബിജു താജ് ഭവൻ	പൂവ്വട്ട്-ചക്കൻചിറ റോഡ് (നിരതദ്രവ്യം)	രസീതി നം. 48/06.08.05	3750
11.	02/06	ശ്രീ.വിജയകുമാരൻ നായർ	ചെട്ടിശ്ശേരി-ചാവരുകണ്ടം റോഡ് (നിരതദ്രവ്യം)	എഫ്.ഡി.രസീതി നം. 7526/07.02.06 സഹകരണ ബാങ്ക്, പറക്കോട്	3750
12.	27.02.06	ശ്രീ.വിജയകുമാരൻ നായർ	കിണറുവിള-കുടിവെള്ള പദ്ധതി മെയിന്റനൻസ് (നിരതദ്രവ്യം)	രസീതി നം. 84/27.02.06	1675
13.	–	ശ്രീ. റ്റി.രാജേന്ദ്രൻ സതി സദനം, ഏഴംകുളം	മുട്ടത്തുപടി-കുലശ്ശേരി റോഡ് കോൺക്രീറ്റിംഗ്(നിരതദ്രവ്യം)	രസീതി നം. 97/16.11.06, 33/01.12.06	5000
14.	–	ശ്രീ. രാധാകൃഷ്ണൻ ഉണ്ണിത്താൻ, കെ.എം.ആർ.ബീ കീപ്പിംഗ് സെൻറർ, വെട്ടിക്കവല.	തേനീച്ച വളർത്തലിന് ആവശ്യമായ ഉപകരണങ്ങൾ (നിരതദ്രവ്യം)		5000
15.	07.02.07	ശ്രീ ജോർജ്ജ് ജോൺ	മണ്ണടി മുടിപ്പുര ജംഗ്ഷൻ-താഴത്തുവയൽ ഏലാറോഡ്	എഫ്.ഡി.നം. 9142/07.02.07	തുക രേഖപ്പെടു

Local Fund Audit Department

			(നിരതദ്രവ്യം)		ത്തിയിട്ടില്ല
16.	13.02.17	ശ്രീ. റ്റി.രാജേന്ദ്രൻ	അങ്ങാടിക്കൽ കോട്ടപ്പുറം -ചക്കിമുക്ക് ഫാം റോഡ് (നിരതദ്രവ്യം)	എഫ്.ഡി.നം. 637/07.02.05	തുക രേഖപ്പെടു ത്തിയിട്ടില്ല
17.	15.02.07	ശ്രീ. മോഹനൻ നായർ	പി.എച്ച്.സി കെട്ടിടം മെയിന്റനൻസ് (നിരതദ്രവ്യം)	രസീതി നം. 66/09.02.07, 84/15.02.07	തുക രേഖപ്പെടു ത്തിയിട്ടില്ല
18.	23.02.07	ശ്രീ. റ്റി.രാജേന്ദ്രൻ	ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം പുനരുദ്ധാരണം (നിരതദ്രവ്യം)	രസീതി നം. 64/09.02.07, 86/22.02.07	45220
19.	22.03.07	ഇംപീരിയൽ സിസ്റ്റംസ്, അടൂർ	തെങ്ങമം ഗവ.എച്ച്.എസ്-ന് കംപ്യൂട്ടർ വാങ്ങൽ (നിരതദ്രവ്യം)	രസീതി നം. 44/20.01.07 & എഫ്.ഡി.നം. 430500/22.03.07 SBT പറക്കോട്	തുക രേഖപ്പെടു ത്തിയിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. ഡെപ്പോസിറ്റ് റീഫണ്ട് ചെയ്തതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിയമാനുസൃത കാലാവധിക്കു ശേഷവും റീഫണ്ട് ചെയ്യാതെ അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുകകൾ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം - 3: ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1) ബ്ലോക്ക് പഞ്ചായത്തിന് ചുമതലയില്ലാത്ത മേഖലകളിൽ പദ്ധതികൾ ആവിഷ്കരിച്ച് 1.32 കോടി രൂപ അനധികൃതമായി ചെലവഴിച്ചു.

ത്രിതല പഞ്ചായത്തുകളുടെ അധികാരങ്ങളും, കർത്തവ്യങ്ങളും, ചുമതലകളും വ്യത്യസ്തമാണ്. ഇവ പഞ്ചായത്ത് രാജ് നിയമത്തിൽ കൃത്യമായി നിർവചിച്ചിട്ടുണ്ട് (നിയമത്തിൻ കീഴിലുള്ള 3, 4, 5 പട്ടികകൾ കാണുക.) പഞ്ചായത്ത് രാജ് നിയമത്തിലെ 4-ാം പട്ടികയിൽ ഇനംതിരിച്ച് പറഞ്ഞിട്ടുള്ള കൃഷി തുടങ്ങിയ 14 മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയാകണം ബ്ലോക്ക് പഞ്ചായത്തുകൾ പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടത്. മേഖലാതല ചുമതലകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിഷയങ്ങളിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന്

Local Fund Audit Department

നിയമം പഞ്ചായത്തുകളെ അധികാരപ്പെടുത്തുന്നില്ല. എന്നാൽ പറക്കോട് ബ്ലോക്ക് പഞ്ചായത്ത് 2010-11 സമ്പത്തിക വർഷം ആവിഷ്കരിച്ച 1.46 കോടി രൂപ അടങ്കലുള്ള 32 പദ്ധതികളും, 2011-12 വർഷം ആവിഷ്കരിച്ച 87.16 ലക്ഷം രൂപ അടങ്കലുള്ള 22 പദ്ധതികളും ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലചുമതലയിൽ ഉൾപ്പെടുന്നവയായിരുന്നില്ല. ഈ ഇനത്തിലുള്ള 1.32 കോടി രൂപയുടെ ചെലവ് അനധികൃതമാണ്. വിശദാംശങ്ങൾക്ക് അനുബന്ധം (1) കാണുക.

ബ്ലോക്ക് പഞ്ചായത്തിന് ചുമതലയില്ലാത്ത മേഖലകളിൽ പ്രോജക്ടുകൾ ആവിഷ്കരിച്ചതും, അവയ്ക്ക് ജില്ലാ ആസൂത്രണസമിതി നിർവ്വഹണാനുമതി നൽകിയതും ക്രമപ്രകാരമല്ല. അപാകത ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3-2) <u>സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി കുറഞ്ഞ അടങ്കൽ തുകയുള്ള പദ്ധതികൾ നടപ്പിലാക്കി</u>

Local Fund Audit Department

പതിനൊന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ പ്രകാരം(സ.ഉ.(എം.എസ്സ്.)183/07/തസ്വഭവ, തീയതി 24.07.07) ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രൊജക്ടുകളുടെ കുറഞ്ഞ അടങ്കൽ തുക 5 ലക്ഷം രൂപയാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ 2010-11 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ 103 പ്രോജക്ടുകളിൽ 40 പ്രോജക്ടുകൾക്കും 2011-12-ൽ നടപ്പിലാക്കിയ 99 പ്രോജക്ടുകളിൽ 32 എണ്ണത്തിനും മാത്രമാണ് അഞ്ചു ലക്ഷവും അതിനു മുകളിലും അടങ്കൽ തുകയുള്ളത്. രണ്ടു വർഷങ്ങളിലായി നടപ്പിലാക്കിയ ബാക്കി 130 പ്രോജക്ടുകളുടേയും അടങ്കൽ 5 ലക്ഷത്തിന് താഴെയാണ്.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയത് ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3-3) <u>ഐക്കരേത്ത് കുടിവെള്ള പദ്ധതി - പ്രവൃത്തി നടത്തിപ്പിൽ അപാകം</u>

പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2008-2009, 2009-10 വർഷങ്ങളിലെ വാർഷിക പദ്ധതികൾ പ്രകാരം നടപ്പിലാക്കിയ കൊടുമൺ ഗ്രാമപഞ്ചായത്തിലെ ഉടയൻകാവ് ഐക്കരേത്ത് കുടിവെള്ളപദ്ധതിയുടെ കൺവീനർക്ക് യഥാർത്ഥത്തിൽ ചെയ്യാത്ത പ്രവൃത്തിക്ക് 254649 രൂപ ക്രമവിരുദ്ധമായി പ്രതിഫലം നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യമായ സാങ്കേതിക മാനദണ്ഡങ്ങളും, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

ബ്ലോക്ക് പഞ്ചായത്തിന്റെ 2008-09 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ 44 പ്രകാരം 4 ലക്ഷം രൂപ എസ്സ്.സി.പി. ഫണ്ടും, 40000 രൂപ ഗുണഭോക്തൃ വിഹിതവും വകയിരുത്തി കുടിവെള്ള പദ്ധതിയുടെ ആദ്യ ഘട്ട പണികൾ നടത്തുന്നതിന് പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങി. ശ്രീ കെ.സുധാകരൻ, ഉടയാന്റെ കിഴക്കേതിൽ, ഇടത്തിട്ട എന്നയാൾ കൺവീനറായും, ശ്രീമതി സുജാത, ഐക്കരേത്ത് സുജാ ഭവനം എന്നയാൾ ചെയർമാനും ആയ ഗുണഭോക്തൃസമിതിയാണ് പ്രവൃത്തി നടത്തിയത്.

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനായി പ്ലാറ്റ്ഫോം പണിയുന്നതിനും, 504 മീറ്റർ നീളത്തിൽ പമ്പിംഗ് ലൈൻ (PVC pipe) സ്ഥാപിക്കുന്നതിനും, മൊത്തം 3250 മീറ്റർ നീളത്തിൽ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്നതിനും (Item (6): 32 mm – 1300 mtr., Item (7): 25 mm – 1950 mtr.), 7.5 HP സബ്മേഴ്സിബിൾ പമ്പും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനും 62 പൊതു ടാപ്പുകൾ സ്ഥാപിക്കുന്നതിനുമാണ് തുക വകയിരുത്തിയിരുന്നത്. കൺവീനർ 415081 രൂപയുടെ പ്രവൃത്തി നടത്തി. നിയമപരമായ കിഴിവുകളും, ഗുണഭോക്തൃവിഹിതവും കുറവ് ചെയ്ത് 375081 രൂപ കൺവീനർക്ക് പ്രതിഫലം നൽകി (ട്രഷറി ബിൽ നം. 9/10-11, തീ. 26.03.11)

പദ്ധതിയുടെ രണ്ടാംഘട്ട പണികൾക്കായി 2009-10-ലെ വാർഷിക പദ്ധതിയിൽ 5 ലക്ഷം രൂപ വികസനഫണ്ടും (എസ്സ്.സി.പി ഫണ്ട്), 50000 രൂപ ഗുണഭോക്തൃവിഹിതവും ഉൾപ്പടെ 5.5 ലക്ഷം രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങി. പ്രസ്തുത പ്രോജക്ട് പ്രകാരം 1750 മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ നീട്ടുന്നതിനും, 10 പൊതു ടാപ്പുകൾ സ്ഥാപിക്കുന്നതിനും, അയ്യായിരം ലിറ്റർ സംഭരണശേഷിയുള്ള സിന്തറ്റിക് ടാങ്ക് സ്ഥാപിക്കുന്നതിനും, നിലവിലുള്ള കുളത്തിന്റെ നടുവിൽ 30 അടി താഴ്ചയിൽ (9 മീറ്റർ) 3.4 ഡയമീറ്റർ വിസ്തൃതിയുള്ള കിണർ നിർമ്മിക്കുന്നതിനും, കിണറിനു ചുറ്റും ഫിൽറ്റർ ബെഡ് നിർമ്മിക്കുന്നതിനുമായിരുന്നു തുക വകയിരുത്തിയിരുന്നത്. പ്രവൃത്തിയുടെ ഭാഗമായി കൺവീനർ 506471 രൂപയുടെ പണികൾ നടത്തുകയും ഗുണഭോക്തൃവിഹിതം കുറവ് ചെയ്ത് 456471 രൂപ പ്രതിഫലം കൈപ്പറ്റുകയും ചെയ്തു (ട്രഷറി ബിൽ നം. 47/10-11, തീ. 14.02.11). മേൽ പറഞ്ഞ പ്രകാരം നികുതികൾ ഉൾപ്പടെ ആകെ 917498 രൂപ പദ്ധതിക്ക് ചെലവഴിച്ചു.

Local Fund Audit Department

ഇതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) ഫിൽറ്റർ ബെഡ് നിർമ്മാണം - 254649 രൂപയുടെ അനാവശ്യ ചെലവ്

2009-10-ലെ 47/10 നമ്പർ പ്രോജക്ടിന്റെ ഭാഗമായുള്ള എസ്റ്റിമേറ്റിലെ ഇനം (12) പ്രകാരം കുളത്തിനു നടുവിൽ പണിതീർത്തിട്ടുള്ള കിണറിനു ചുറ്റും ഫിൽറ്റർ ബെഡ് ഇടുന്നതിന് 37.39 m^3 ആറ്റുമണലും (ഉദ്ദേശ്യം 10 ലോഡ്), ഇനം (13) പ്രകാരം 204.23 m^3 മെറ്റലും (50:30:20 അനുപാതത്തിൽ 40 mm, 20 mm, 12 mm മെറ്റൽ - ഉദ്ദേശ്യം 50 ലോഡ്) നിറച്ചിട്ടുള്ളതിന് യഥാക്രമം 45006.71 രൂപയും (37.39 m^3 @ 1203.71/m^3), 209642.16 രൂപയും (203 m^3 @ 1032.72/m^3) പ്രതിഫലം നൽകിയിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച കിണർ

എം. ബുക്ക പ്രകാരം ഇടത്തരം കട്ടിയുള്ള പാറ കുഴിച്ചാണ് കിണർ നിർമിച്ചിട്ടുള്ളത്. കൂടാതെ കിണറ്റിൽ കോൺക്രീറ്റ് കർബുകളും താഴ്ത്തിയിട്ടുണ്ട്. ഈ സഹചര്യത്തിൽ കിണറിനുചുറ്റും വെള്ളം ഫിൽറ്റർ ചെയ്യുന്നതിനായി മേൽപറഞ്ഞ പ്രകാരം ഫിൽറ്റർ ബെഡ് നിർമ്മിക്കേണ്ട യൊതൊരു ആവശ്യവുമില്ല. ആയതിനാൽ എം.ബുക്കിൽ കാണിച്ചിരിക്കുന്ന അളവിൽ (ഉദ്ദേശ്യം 10 ലോഡ് മണലും, 50 ലോഡ് മെറ്റലും) ഫിൽറ്റർ ബെഡ് നിർമ്മിച്ചിട്ടുണ്ടെങ്കിൽതന്നെ ആയത് അംഗീകരിക്കാനാവില്ല.

കൂടാതെ, കുളത്തിൽ മണലും, മെറ്റലും നിറച്ചതിനുശേഷം ആയതിന്റെ മെഷർമെന്റും, ചെക്ക്മെഷർമെന്റും എടുക്കുക പ്രായോഗികമല്ലാത്തതിനാൽ ഇവ കുളത്തിൽ

Local Fund Audit Department

നിറയ്ക്കുന്നതിനുമുമ്പായി കുളത്തിന്റെ പ്രീമെഷർമെന്റ് എടുക്കുകയും, പ്രവർത്തിക്ക് ഉപയോഗിച്ച $204m^3$ മെറ്റൽ സ്റ്റാക്ക് മെഷർമെന്റ് എടുത്ത് C.T.-യ്ക്ക് റിപ്പോർട്ട് ചെയ്ത് ഏഴ് ദിവസത്തിനുശേഷം മാത്രം പ്രവൃത്തിക്ക് ഉപയോഗിക്കുകയുമായിരുന്നു വേണ്ടിയിരുന്നത്. എന്നാൽ ഈ വക നടപടി ക്രമങ്ങൾ ഒന്നുംതന്നെ പാലിച്ചിട്ടില്ല. ഈ ഇനത്തിൽ ചെലവഴിച്ച 254649 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) ***സാങ്കേതിക മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല***

കുടിവെള്ള പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സ്രോതസ്സിലെ ജല ലഭ്യത, ഗുണനിലവാരം എന്നിവ പരിശോധിക്കണം. പ്രതിദിനം, പ്രതിശീർഷം 100 ലിറ്റർ എന്ന കണക്കിൽ ഒരു ദിവസം ആകെ എത്ര വെള്ളം വേണമെന്ന കണക്ക് അറിയണം. സക്ഷൻ ഹെഡ്, ഡെലിവറി ഹെഡ്, ഡെലിവറി പൈപ്പിന്റെ നീളം എന്നിവ അറിയണം. അതുപോലെതന്നെ സംഭരണ ടാങ്കിന്റെ ശേഷി ഒരു ദിവസം ആകെ ആവശ്യമായിവരുന്ന വെള്ളത്തിന്റെ പകുതി ആയിരിക്കണം. എന്നാൽ ഈ വക മാനദണ്ഡങ്ങൾ ഒന്നുംതന്നെ പാലിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള ടാങ്കിന്റെ ശേഷി 5000 ലിറ്റർ മാത്രമാണ്. ഇത് 20 കുടുംബങ്ങൾക്ക് ജലവിതരണം നടത്തുന്നതിനുമാത്രമേ ഉതകുകയുള്ളൂ. എന്നാൽ ഉദ്ദേശ്യം 5 കിലോമീറ്റർ നീളത്തിൽ ഡെലിവറി പൈപ്പുകൾ സ്ഥാപിക്കുകയും 71 പൊതുടാപ്പുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ കിണറിലെ ജലലഭ്യതയും, ഗുണനിലവാരവും ഒരു ഘട്ടത്തിലും പരിശോധിച്ചിട്ടുള്ളതായി കാണുന്നില്ല. ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ കിണറിൽ ജലലഭ്യത കുറവായതിനാൽ എല്ലാ ദിവസവും പമ്പിംഗ് സാദ്ധ്യമാകുന്നില്ലെന്ന് അറിയാൻ സാധിച്ചു. കിണറിന്റെ പണി പൂർത്തിയാക്കി പമ്പിംഗ് ടെസ്റ്റ് നടത്തിയതിനു ശേഷം മാത്രമേ തുടർന്നുള്ള പണികൾ നടത്താൻ പാടുള്ളൂ എന്ന നിബന്ധനപാലിക്കാതിരുന്നതിനാൽ പദ്ധതിക്ക് മുടക്കിയ പണത്തിന് ആനുപാതികമായ പ്രായോജനം ലഭിച്ചിട്ടില്ല.

3) ***പദ്ധതിയുടെ സുഗമമായ തുടർനടത്തിപ്പിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്തില്ല***

പ്രൊജക്ടിന് പണം മുടക്കിയതൊഴിച്ചാൽ പദ്ധതിയുടെ തുടർനടത്തിപ്പും, സംരക്ഷണവും ഉറപ്പുവരുത്തുന്നതിനാവശ്യമായ യാതൊരു ക്രമീകരണങ്ങളും ബ്ലോക്ക് പഞ്ചായത്ത് നടത്തിയിട്ടില്ല. പണി പൂർത്തിയാക്കിയ കുടിവെള്ള പദ്ധതികൾ ഗുണഭോക്താക്കളുടെ സമിതി രൂപീകരിച്ച് തുടർനടത്തിപ്പും, സംരക്ഷണവും ഏൽപ്പിച്ചു നൽകേണ്ടതാണ്. ഇതിനായി കൃത്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് കരാർ

Local Fund Audit Department

ചമയ്ക്കേണ്ടതുണ്ട്. എന്നാൽ ഈ പദ്ധതിയുടെ തുടർനടത്തിപ്പും, അറ്റകുറ്റപ്പണികളും ക്രമപ്രകാരം ഗുണഭോക്തൃസമിതിയെ ഏൽപ്പിച്ചുനൽകിയിട്ടില്ല.

4) ***<u>മേഖലാ ചുമതലയിൽ ഉൾപ്പെടാത്ത പദ്ധതി</u>***

പഞ്ചായത്ത് രാജ് നിയമത്തിലെ 4-ാം പട്ടിക പ്രകാരം കുടിവെള്ള വിതരണം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട വിഷയമല്ല. ചുമതലയില്ലാത്ത മേഖലയിൽ പദ്ധതി ആവിഷ്കരിച്ചതും, ആയതിന് ജില്ലാ ആസൂത്രണസമിതി നിർവഹണാനുമതി നല്കിയതും, ക്രമപ്രകാരമല്ല. മാത്രവുമല്ല, പദ്ധതി പ്രദേശമായ ഉടയൻകാവ് ജലനിധി പദ്ധതി നടപ്പിലാക്കിയ കൊടുമൺ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന പ്രദേശമാണ്. ജലനിധി നടപ്പിലാക്കിയ പഞ്ചായത്തുകളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റ് കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കാൻ പാടില്ലെന്ന സർക്കാർ നിർദ്ദേശം നിലനിൽക്കേയാണ് ഇപ്രകാരമൊരു പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന കാര്യവും പ്രസ്താവ്യമാണ്.

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3-4) **<u>സമ്പൂർണ്ണ ശുചിത്വ പദ്ധതി ഫണ്ടിന്റെ ദുർവിനിയോഗം - 3.53 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു</u>**

സമ്പൂർണ്ണ ശുചിത്വ പദ്ധതി ഫണ്ട് വിനിയോഗിച്ച് കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ കലഞ്ഞൂർ, കൂടൽ മാർക്കറ്റുകളിൽ രണ്ട് സാനിട്ടറി കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് ഓഡിറ്റ് കാലയളവിൽ തുക ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ **ജില്ലാ ശുചിത്വ മിഷന്റേയും, ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടേയും ഭരണാനുമതി തേടാതെയാണ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമായി.** ഗുണഭോക്തൃസമിതി മുഖാന്തിരം പ്രവൃത്തി നടത്തിയതായാണ് രേഖയെങ്കിലും ഗുണഭോക്തൃസമിതിയുടെ വരവ് ചെലവ് കണക്കുകൾ ഉൾപ്പടെ ചട്ടപ്രകാരം സൂക്ഷിക്കേണ്ട രേഖകൾ ഒന്നും തന്നെ സൂക്ഷിച്ചിട്ടില്ല. കലഞ്ഞൂർ മാർക്കറ്റിൽ നിർമ്മിച്ച സാനിട്ടറി കോംപ്ലക്സിന് 168737 രൂപയും (ചെക്ക് നം. 893930/20.03.12), കൂടൽ മാർക്കറ്റിലേതിന് 184118 രൂപയും (ചെക്ക് നം. 893919/23.06.2011) ചെലവഴിച്ചു.

കൂടൽ മാർക്കറ്റിൽ സാനിട്ടറി കോംപ്ലക്സ് നിർമ്മിക്കുന്നതിന് രൂപീകരിച്ച ഗുണഭോക്തൃസമിതിയുടെ കൺവീനർ ശ്രീ സുക, കുളനാഴിക്കോട്, പുന്നമൂട് എന്ന വ്യക്തി 20.03.09-ൽ

Local Fund Audit Department

ബ്ലോക്ക് പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുകയും 18.06.2011-ൽ പണിപൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ **പ്രവൃത്തിയുടെ ഫൈനൽ ബില്ലും, എം.ബുക്കും (40/09-10) വ്യാജമായി ചമച്ചതാണെന്ന് പരിശോധനയിൽ ബോദ്ധ്യമായി. കലഞ്ഞൂർ LSGD സെക്ഷൻ അസി: എഞ്ചിനീയറുടേയും, ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടേയും വ്യാജ സീലും, ഒപ്പുമാണ് എം.ബുക്കിലും, ഫൈനൽ ബില്ലിലും പതിച്ചിരിക്കുന്നത്. പ്രവൃത്തിയുടെ അളവുകൾ യഥാസമയം എം.ബുക്കിൽ രേഖപ്പെടുത്തി ചെക്ക് മെഷർമെന്റ് നടത്താതെ പ്രവൃത്തി പൂർത്തിയാക്കിയശേഷം വ്യാജരേഖ ചമച്ച് ബില്ല് മാറിയിരിക്കുകയാണ്.** പ്രവൃത്തിയുടെ അളവുകളുടേയും, കൺവീനർ കൈപ്പറ്റിയ തുകയുടേയും കൃത്യത ഇക്കാരണത്താൽ ബോദ്ധ്യപ്പെട്ടിട്ടില്ല.

മേൽപറഞ്ഞ രണ്ട് സാനിട്ടറി കോംപ്ലക്സുകളുടേയും പണി യഥാവിധി പൂർത്തിയാക്കതെയാണ് ഫൈനൽ ബിൽ തുക മാറി നൽകിയിട്ടുള്ളതെന്ന് ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ ബോദ്ധ്യമായി. കലഞ്ഞൂർ മാർക്കറ്റിലെ സാനിട്ടറി കോംപ്ലക്സിന്റെ സെപ്റ്റിക് ടാങ്കിന്റെ പണി പൂർത്തിയാക്കിയിട്ടില്ല. പ്ലംബിംഗ് പ്രവൃത്തികളും അവശേഷിക്കുന്നു. കൂടൽ മാർക്കറ്റിലെ സാനിട്ടറി കോംപ്ലക്സിന്റെ പണിയും ഉപയോഗയോഗ്യമായ രീതിയിൽ പൂർത്തിയാക്കിയിട്ടില്ല. ഇവ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് കൈമാറി കൊടുക്കുകയോ, പൊതുജനങ്ങൾക്ക് ഉപയോഗത്തിന് തുറന്നു കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇവ രണ്ടും ഇപ്പോൾ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. പൊതു ഖജനാവിൽനിന്നും ഇവയ്ക്കായി മുടക്കിയ 352855 രൂപയും ഫലത്തിൽ പാഴായിരിക്കുന്നു.

Local Fund Audit Department

കൂടൽ മാർക്കറ്റിലെ ഉപയോഗ ശൂന്യമായ ടോയിലറ്റ് കോംപ്ലക്സ്

കലഞ്ഞൂർ മാർക്കറ്റിലെ ടോയിലറ്റിന്റെ സെപ്റ്റിക് ടാങ്ക് പണി പൂർത്തിയാക്കാത്ത നിലയിൽ

മേൽ വിവരിച്ച അപാകതകളുടെ വെളിച്ചത്തിൽ സാനിട്ടറി കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് ചെലവഴിച്ച 352855 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. ഈ വിഷയത്തിൽ ഭരണവകുപ്പ്

തലത്തിൽ സമഗ്രമായ അന്വേഷണം നടത്തി ക്രമക്കേട് കാട്ടിയവർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

3-5) ഏറത്ത് മൃഗാശുപത്രികെട്ടിടം പുനരുദ്ധാരണം; ഗ്രാമപഞ്ചായത്ത് നടത്തിയ നിർമ്മാണ പ്രവൃത്തിക്ക് സമാന്തരമായി ബ്ലോക്ക് പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ച് പ്രവൃത്തി നടത്തി

2009-10 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ ഉത്പാദന മേഖലയിലെ ഫണ്ട് വകയിരുത്തി ഏറത്ത് ഗ്രാമപഞ്ചായത്തിലെ വയലാ മൃഗാശുപത്രി കെട്ടിടം പുനരുദ്ധരിക്കുന്നതിനായി 5 ലക്ഷം രൂപ അടങ്കലുള്ള ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുണ്ട് (പ്രോജക്ട് നം.1/11). ബഹുവർഷ പ്രോജക്ടായാണ് പദ്ധതിക്ക് അംഗീകാരം വാങ്ങിയിരുന്നത്. 2009-10 വർഷം 364408 രൂപയും, 2010-11 വർഷം 135592 രൂപയും ചെലവഴിക്കുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. ഗുണഭോക്തൃസമിതി മുഖാന്തിരമാണ് പ്രവൃത്തി നടത്തിയിരിക്കുന്നത് (കൺവീനർ ശ്രീ ഗീവർഗ്ഗീസ്). പ്രവൃത്തിയുടെ ഭാഗമായി 17.05.10-ൽ പാർട്ട് ബിൽ പ്രകാരം 334500 രൂപയും, 28.09.10-ൽ ഫൈനൽ ബിൽ പ്രകാരം 136356 രൂപയും ഉൾപ്പടെ ആകെ 470856 രൂപ ചെലവഴിച്ചു.

2007-08 സമ്പത്തിക വർഷം ജില്ലാപഞ്ചായത്തും, ഗ്രാമപഞ്ചായത്തും സംയുക്തമായി ഫണ്ട് വകയിരുത്തി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിലാണ് ബ്ലോക്ക് പഞ്ചായത്ത് ഇപ്രകാരം പുനരുദ്ധാരണമെന്ന പേരിൽ വൻതുക ചെലവഴിച്ചിരിക്കുന്നത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഉദ്ദേശ്യം 400 ച: അടി വിസ്തൃതിയുള്ള ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും, തറയിൽ ടൈൽസ് പതിക്കുന്നതിനും, റൂഫിംഗ് നടത്തുന്നതിനുമാണ് തുക വകയിരുത്തിരിക്കുന്നത്. പ്രവൃത്തിയുടെ ഫയലിൽ എസ്റ്റിമേറ്റ് റിപ്പോർട്ട്, പ്ലാൻ മുതലായവ ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ മൃഗാശുപത്രി കെട്ടിടത്തിന്റെ ഒരു മുറിയും, സ്റ്റെയർകെയ്സും, റൂഫിംഗ് വർക്കുമാണ് നടത്തിയിട്ടുള്ളതെന്ന് കാണാൻകഴിഞ്ഞു.

ഈ പ്രവൃത്തികൾ എല്ലാംതന്നെ ഇതേ കാലയളവിൽ ഇതേ കെട്ടിടത്തിൽ ഗ്രാമപഞ്ചായത്ത് നടത്തിയ നിർമ്മാണപ്രവൃത്തികൾക്ക് സമാന്തരമായാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമായി. ഒരേ കെട്ടിടത്തിൽ ഒരേ സമയം രണ്ട് ഏജൻസികൾ നിർമ്മാണപ്രവൃത്തി നടത്തുകയും, ചെയ്ത പ്രവൃത്തികളുടെ അളവുകൾ പ്രത്യേകം രേഖപ്പെടുത്തി ബിൽ മാറി എടുത്തിട്ടുള്ളതുമായാണ്

Local Fund Audit Department

മനസ്സിലാക്കാൻ സാധിച്ചത്. ഭൗതിക പരിശോധനയിൽ രണ്ട് ഏജൻസികളും നടത്തിയിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ വേർതിരിച്ചറിയാൻതന്നെ പ്രയാസം നേരിട്ടു. ഈ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് ചെയ്ത പ്രവൃത്തികളുടെ അളവുകൾ ഗ്രാമപഞ്ചായത്തും, തിരിച്ചും അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി തുക കൈപ്പറ്റിയിരിക്കാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല.

മൃഗാശുപത്രികളുടെ നടത്തിപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട കാര്യമല്ല. കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനു മാത്രമേ പഞ്ചായത്ത് രാജ് നിയമം ത്രിതലപഞ്ചായത്തുകളെ അനുവദിക്കുന്നുള്ളൂ. ചുമതലയില്ലാത്ത മേഖലയിൽ കടന്ന് കയറി പദ്ധതി ആവിഷ്കരിച്ചതും, ആയതിന് ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയതും ക്രമപ്രകാരമല്ല.

മേൽ വിവരിച്ച അപാകതകളുടെ വെളിച്ചത്തിൽ പ്രവൃത്തിക്ക് ചെലവഴിച്ച 470856 രൂപ തടസ്സപ്പെടുത്തുന്നു. ക്രമക്കേടിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3-6) <u>ഒരേ റോഡു പുനരുദ്ധാരണത്തിന് ഒരേ വാർഷിക പദ്ധതിയിൽ രണ്ട് പ്രോജക്ട് നടപ്പിലാക്കിയത് സംബന്ധിച്ച്</u>

2010-11 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ ആവിഷ്കരിച്ച റോഡ് പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി പൊതുവിഭാഗം വികസനഫണ്ടിൽ ഉൾപ്പെടുത്തി69.99 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തിന് അധികമായി ലഭിച്ചിരുന്നു. ബ്ലോക്ക് പഞ്ചായത്തുകൾ എം.എൽ.എ. റോഡുകളുടേയും, 1995-നു ശേഷം പദ്ധതിവിഹിതം, ആർ.ഐ.ഡി.എഫ്., എസ്.ജി.ആർ.വൈ. എന്നീ ഫണ്ടുകൾ വിനിയോഗിച്ച് ബ്ലോക്ക് പഞ്ചായത്തുകൾ നിർമ്മിച്ച റോഡുകളുടേയും അറ്റകുറ്റപ്പണികൾ ഏറ്റെടുക്കുന്നതിനായിരുന്നു സർക്കാർ അധിക വിഹിതം അനുവദിച്ചത്. റോഡ് പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് 15.01.10-ലെ സ.ഉ. (എം.എസ്.) നമ്പർ 11/2010/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന റോഡിന്റെ അറ്റകുറ്റപ്പണി പൂർണ്ണമായും നടപ്പാക്കണം.

റോഡ് പുനരുദ്ധാരണപദ്ധതിയുടെ ഭാഗമായി ഒരു റോഡിന്റെ അറ്റകുറ്റപ്പണി പൂർണ്ണമായി ഏറ്റെടുക്കണമെന്ന സർക്കാർ നിർദ്ദേശം നിലനിൽക്കേ, ഈ പദ്ധതിയിൻ കീഴിൽ 2010-11 വർഷം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത തെങ്ങമം -മുന്നാറ്റുകര റോഡ് റീടാറിംഗ്, നെല്ലിമുകൾ-കല്ലുകുഴി റോഡ് റീടാറിംഗ് എന്നീ പ്രവൃത്തികൾ പ്രസ്തുത റോഡുകൾ പൂർണ്ണമായും അറ്റകുറ്റപ്പണി

Local Fund Audit Department

നടത്തുന്നതിനുള്ളവയായിരുന്നില്ല. മാത്രവുമല്ല, ഇതേ റോഡുകളുടെ പുനരുദ്ധാരണത്തിനായി തൻവർഷം വേറെ പ്രോജക്ടുകൾ ആവിഷ്കരിക്കുകയും ചെയ്തു. പ്രവൃത്തി നടത്തുന്ന ഭാഗത്തിന്റെ ചെയ്നേജ് സൂചിപ്പിക്കാതെയാണ് ഒരേ റോഡിൽ ഒരേ കാലയളവിൽ ഒന്നിലധികം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്.

(1) ***തെങ്ങമം - മുന്നാറ്റുകര റോഡ് റീടാറിംഗ്***

പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ 19-ാം വാർഡിലുള്ള തെങ്ങമം മുന്നാറ്റുകര റോഡ് NABARD സ്കീമിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചതാണ്. ഈ റോഡിന്റെ ആകെ നീളം 2750 മീറ്ററാണ്. പ്രസ്തുത റോഡിന്റെ 2327 മീറ്റർ നീളം പോട്ട് ഹോൾ ഫില്ലിംഗ് നടത്തി റീടാർ ചെയ്യുന്നതിന് 2010-11 വർഷം റോഡ് പുനരുദ്ധാരണ ഫണ്ടിൽനിന്നും 18 ലക്ഷം രൂപ വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തി (പ്രോജക്ട് നം.109/11) ടെണ്ടർ ക്ഷണിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളത് (കരാറുകാരൻ - ശ്രീ അജീഷ്). 18.01.11-ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തി 29.08.11-ൽ പൂർത്തിയാക്കി കരാറുകാരൻ ഫൈനൽ ബിൽ സമർപ്പിച്ചു. ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ 1839.30 മീറ്റർ നീളത്തിൽ റീടാറിംഗ് നടത്തിയിട്ടുണ്ട്. ആകെ പ്രവൃത്തി മൂല്യം 1786704 രൂപയാണ്. നിയമപ്രകാരമുള്ള കിഴിവുകൾ നടത്തിയതിനുശേഷം 1696833 രൂപ കരാറുകാരന് പ്രതിഫലം നൽകി. പ്രവൃത്തിയുടെ എസ്റ്റിമേറ്റിലോ, എം.ബുക്കിലോ (34/10-11) പ്രവൃത്തി നടത്തിയ ചെയ്നേജ് വ്യക്തമാക്കിയിട്ടില്ല.

ഇതേ റോഡിൽതന്നെ തൻവർഷം 3 ലക്ഷം രൂപ (മെയിന്റനൻസ് ഗ്രാന്റ്) അടങ്കൽ വകയിരുത്തി മറ്റൊരു റോഡ് റീടാറിംഗ്പ്രവൃത്തിയും നടത്തിയിട്ടുണ്ട് (പ്രോജക്ട് നം.96/11). പ്രസ്തുത പ്രവൃത്തി ഗുണഭോക്തൃസമിതി മുഖാന്തിരമാണ് നടത്തിയിട്ടുള്ളത്. 30.08.10-ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തി 22.06.11-ൽ പൂർത്തിയാക്കി കൺവീനർ ശ്രീ എസ്.പി.സന്തോഷ് ഫൈനൽബിൽ സമർപ്പിച്ചു. ഫൈനൽ ബിൽ പ്രകാരമുള്ള ആകെ പ്രവൃത്തിമൂല്യം 298581 രൂപയാണ്. പ്രവൃത്തി നടത്തിയ ചെയ്നേജ് എസ്റ്റിമേറ്റിലോ, എം.ബുക്കിലോ വ്യക്തമാക്കിയിട്ടില്ല.

ഒരേ റോഡിൽ ഒരേ കാലയളവിൽ നടത്തിയിട്ടുള്ള രണ്ട് പ്രവൃത്തികളും തമ്മിൽ തിരിച്ചറിയുന്നതിന് സാദ്ധ്യമല്ല. ഈ സാഹചര്യത്തിൽ കൺവീനർ മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തിക്ക് ചെലവഴിച്ച 298581 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

Local Fund Audit Department

(2) *നെല്ലിമുകൾ-കല്ലുകുഴി റോഡ് റീടാറിംഗ്*

NABARD സ്കീമിൽ ഉൾപ്പെടുത്തി മെറ്റലിംഗും, ടാറിംഗും നടത്തിയിട്ടുള്ള ഈ റോഡിന്റെ ആകെ നീളം 2800 മീറ്ററാണ്. ഈ റോഡിന്റെ 2520 മീറ്റർ നീളം റീടാർ ചെയ്യുന്നതിന് 2010-11 വർഷം 20 ലക്ഷം രൂപ റോഡ് പുനരുദ്ധാരണ ഫണ്ട് വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തി (പ്രോജക്ട് നം.106/11). ശ്രീ കെ.സുരേന്ദ്രൻ എന്ന കരാറുകാരനാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. 18.01.11-ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തി 02.05.11-ൽ പൂർത്തിയാക്കി കരാറുകാരൻ ഫൈനൽബിൽ സമർപ്പിച്ചു. ഫൈനൽബിൽ പ്രകാരം കരാറുകാരൻ 2328.70 മീറ്റർ നീളം കുഴികളടച്ച് റീടാറിംഗ് നടത്തിയിട്ടുണ്ട്. പ്രവൃത്തിക്ക് ആകെ 1998508 രൂപ ചെലവഴിച്ചു.

ഇതേ റോഡിൽതന്നെ തൻവർഷം മറ്റൊരു പുനരുദ്ധാരണ പ്രവൃത്തിയും നടത്തിയിട്ടുണ്ട്. പ്രോജക്ട് നം.95/11 പ്രകാരം 219600 രൂപ മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി 230 മീറ്റർ നീളം റീടാർ ചെയ്യുന്നതിനായിരുന്നു പദ്ധതി. ഗുണഭോക്തൃസമിതി മുഖന്തിരം നടത്തിയ ഈ പ്രവൃത്തിയുടെ കൺവീനർ ശ്രീ എസ്. ബിനു എന്ന വ്യക്തിയായിരുന്നു. 30.07.10-ൽ കരാർ വെച്ച പ്രവൃത്തി 28.06.11-ൽ പൂർത്തിയാക്കി കൺവീനർ ഫൈനൽബിൽ സമർപ്പിച്ചു. പദ്ധതിയുടെ ഭാഗമായി 188 മീറ്റർ നീളം റീടാറിംഗ് നടത്തി. ഫൈനൽബിൽ പ്രകാരം നികുതികൾ ഉൾപ്പെടെ ആകെ പ്രവൃത്തി മൂല്യം 218991 രൂപയാണ്. ഈ പ്രവൃത്തിയുടെ കൺവീനർക്കാവശ്യമായ മെറ്റീരിയത്സ് സപ്ലൈ ചെയ്തിരിക്കുന്നത് ഇതേ റോഡ് പ്രവൃത്തിക്ക് കരാറെടുത്ത ശ്രീ കെ.സുരേന്ദ്രനാണ്. ഒരേ റോഡിൽ ഒരേ കാലയളവിൽ നടത്തിയിട്ടുള്ള രണ്ട് പ്രവൃത്തികളും തമ്മിൽ തിരിച്ചറിയുന്നതിന് സാദ്ധ്യമല്ല. ഈ സാഹചര്യത്തിൽ കൺവീനർ മുഖാന്തിരം നടപ്പാക്കിയ പ്രവൃത്തിക്ക് ചെലവഴിച്ച 218991 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

Local Fund Audit Department

റോഡ് പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്ന റോഡിന്റെ അറ്റകുറ്റപ്പണി പൂർണ്ണമായും നടത്തണം എന്ന സർക്കാർ നിർദ്ദേശം മറികടന്ന് ഒരേ സാമ്പത്തിക വർഷം ഒരേ റോഡ് പുനരുദ്ധാരണത്തിന് രണ്ട് വ്യത്യസ്ത പദ്ധതികൾ ആവിഷ്കരിച്ചത് സദുദ്ദേശ്യപരമല്ല. ടി പ്രവൃത്തികളുടെ നടത്തിപ്പ് സംബന്ധിച്ച് വിശദമായ വകുപ്പുതല അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

3-7) സമഗ്ര കോളനി വികസന പ്രോജക്ടുകൾ- സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

ഓഡിറ്റ് കാലയളവായ 2010-11, 2011-12 വർഷങ്ങളിൽ പ്രത്യേക ഘടക പദ്ധതി തുക

വിനിയോഗിച്ച് കോളനി സമഗ്രവികസനമെന്ന പേരിൽ ഒട്ടേറെ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. കോളനി റോഡുകളുടെ കോൺക്രീറ്റിംഗ്, നടപ്പാതകളുടെ പുനരുദ്ധാരണം, കോളനിവാസികളുടെ അതിർത്തി വേർതിരിക്കൽ, മണ്ണ് സംരക്ഷണത്തിന്റെ ഭാഗമയുള്ള പാർശ്വഭിത്തി നിർമ്മാണം, വീട് മെയിന്റനൻസ്, കിണർ, കക്കൂസ് എന്നിവയുടെ നിർമ്മാണം തുടങ്ങിയവയാണ് പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തിട്ടുള്ളത്.

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയ്ക്കും, സബ്സിഡി മാർഗ്ഗരേഖയ്ക്കും വിരുദ്ധമായാണ് പ്രസ്തുത പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. മാർഗ്ഗരേഖ പ്രകാരം റോഡ് കോൺക്രീറ്റിംഗ്, പാർശ്വഭിത്തി നിർമ്മാണം മുതലായ പ്രവൃത്തികൾ പശ്ചാത്തല മേഖലയിലെ ഫണ്ട് വകയിരുത്തിയാണ് നടപ്പാക്കേണ്ടത്. എന്നാൽ സേവന മേഖലയിലെ ഫണ്ട് വകയിരുത്തിയാണ് സമഗ്ര കോളനി വികസന പ്രോജക്ടുകൾ നടപ്പാക്കിയിട്ടുള്ളത്. കൂടാതെ, മാർഗ്ഗരേഖ പ്രകാരം ബ്ലോക്ക പഞ്ചായത്തുകൾ വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കാൻപാടില്ല. എന്നാൽ ആയതിന് വിരുദ്ധമായാണ് വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്തിരിക്കുന്നത്. മാത്രവുമല്ല, വ്യക്തിഗത ഗുണഭോക്താക്കളെ എപ്രകാരം തെരഞ്ഞെടുത്തുവെന്നതിനും വ്യക്തതയില്ല. ജനകീയാസൂത്രണ പദ്ധതിയിൽ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമസഭകളിൽ മാത്രമാണ് നിക്ഷിപ്തമായിരിക്കുന്നത്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഏത് നടപടിക്രമവും സുതാര്യമായിരിക്കണമെന്നും വ്യക്തിനിഷ്ഠമായ തെരഞ്ഞെടുപ്പ് കേരളപഞ്ചായത്ത് രാജ് നിയമത്തിനും, ഇന്ത്യൻ ഭരണഘടനയുടെ 14-ാം വകുപ്പിനും വിരുദ്ധമാണെന്നും, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിൽ സുതര്യതയില്ലെന്നുമാത്രമല്ല, വീട് മെയിന്റനൻസ്, കിണർ, കക്കൂസ് നിർമാണം തുടങ്ങിയ ഇനങ്ങൾക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമയതിനേക്കാൾ അധികരിച്ച് ധനസഹായം നൽകിയിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

Local Fund Audit Department

മേൽവിവരിച്ച പ്രകാരം യാതൊരു മാനദണ്ഡവും പാലിക്കാതെയാണ് സമഗ്ര കോളനിവികസനമെന്ന പേരിൽ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളത്. സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഓഡിറ്റ് കാലയളവിൽ ചെലവഴിച്ച 88,38,486 രൂപ തടസ്സത്തിൽവയ്ക്കുന്നു. (തടസ്സപ്പെടുത്തിയ തുകകളുടെ വിശദാംശങ്ങൾക്ക് അനുബന്ധം-2 കാണുക.)

3-8) പള്ളിക്കൽ കുറിച്ചിമലക്കുളം പുനരുദ്ധാരണം - ഉല്പാദനമേഖലയിലെ ഫണ്ട് ദുർവിനിയോഗം ചെയ്തു

പ്രോജക്ട് നം.	:	*M002/11*
അടങ്കൽ	:	*500000*
കൺവീനർ	:	*ശ്രീ ആന്റണി*
ഫൈനൽബിൽ തുക	:	*443280*
ട്രഷറി ബിൽ നം./തീ	:	*17/19.08.10*
എം.ബുക്ക് നം.	:	*5/AEE/09-10*

2010-11-ലെ വാർഷിക പദ്ധതിയിൽ ഉല്പാദന മേഖലയിലെ ഫണ്ട് വകയിരുത്തി നടപ്പാക്കിയ പ്രവൃത്തിയാണ് കുറിച്ചിമലക്കുളം പുനരുദ്ധാരണം. പരമ്പരാഗത ജലസ്രോതസ്സിന്റെ സംരക്ഷണമായിരുന്നു പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനും, അതുവഴി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിട്ടിരുന്നു. കുളത്തിലെ ചെളി നീക്കം ചെയ്ത് ആഴം വർദ്ധിപ്പിക്കുന്നതിനും, പാർശ്വഭിത്തിനിർമ്മിക്കുന്നതിനുമായിരുന്നു എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിരുന്നത്. അഞ്ച് ലക്ഷം രൂപ അടങ്കൽ വകയിരുത്തിയിരുന്ന പ്രവൃത്തി ഗുണഭോക്തൃസമിതി മുഖാന്തിരമാണ് നടപ്പിലാക്കിയത്. പ്രോജക്ടിന്റെ ഭാഗമായി കൺവീനർ 443280 രൂപയുടെ പ്രവൃത്തി നടത്തിയെങ്കിലും പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നപ്രകാരം പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. കുളത്തിന് പർശ്വഭിത്തി നിർമ്മിക്കുകമാത്രമാണ് ചെയ്തിരിക്കുന്നത്. ഇതാകട്ടെ കുളത്തിന്റെ സംരക്ഷണത്തിലുപരി കുളത്തിന്റെ പർശ്വഭാഗത്തുകൂടി കടന്നുപോകുന്ന റോഡിന്റെ സംരക്ഷണമെന്ന നിലയ്ക്കാണ് നടത്തിയിട്ടുള്ളത്. പാർശ്വഭിത്തി നിർമ്മാണവും അപൂർണ്ണമായി അവസാനിപ്പിച്ചിരിക്കുന്നു. ഇതുമൂലം റോഡിലെ ഓടയിലൂടെ വരുന്ന മഴവെള്ളവും മണ്ണും കുളത്തിലേക്ക് ഒഴുകി ഇറങ്ങുന്നു. കുളത്തിന്റെ പുനരുദ്ധാരണത്തിന് മുഖ്യമായും ചെയ്യേണ്ടിയിരുന്ന ചെളിനീക്കം ചെയ്ത് കുളം ശുദ്ധീകരിക്കുന്ന പ്രവൃത്തി നടത്താതിരുന്നതു മൂലവും, പാർശ്വഭിത്തി നിർമ്മാണം കുളത്തിന്റെ സംരക്ഷണം മുൻനിർത്തി നടത്താതിരുന്നതുമൂലവും പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷങ്ങൾ നേടാനായിട്ടില്ല. കൊടിയ വേനലിൽപോലും ജലസമൃദ്ധമായിരുന്ന കുറിച്ചിമലക്കുളം ഇപ്പോൾ ചെളിനിറഞ്ഞ് കാട് മൂടി നാശോന്മുഖമായി കിടക്കുകയാണ്. ഉല്പാദനമേഖലയിൽ ചെലവഴിക്കേണ്ട പദ്ധതി പണം ഫലത്തിൽ ദുർവിനിയോഗം ചെയ്യപ്പെട്ടിരിക്കുകയാണ്.

Local Fund Audit Department

കറിച്ചിമലക്കുളം പുനരുദ്ധാരണത്തിനു ശേഷം

യഥാർത്ഥത്തിൽ ജലവിതരണം ഉദ്ദേശിച്ചുള്ള ജലസേചന പ്രോജക്ടുകൾ മാത്രമേ ഉല്പാദനമേഖലയിൽ ഉൾപ്പെടുത്താൻ പാടുള്ളൂവെന്നും, പാർശ്വ സംരക്ഷണ ഭിത്തി നിർമ്മാണം ഉല്പാദന മേഖലയിൽ ഉൾപ്പെടുത്താൻ പാടില്ലെന്നും പദ്ധതിമാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. മാത്രമല്ല, ജലസംരക്ഷണം, കുളങ്ങളുടെ നിർമ്മാണം/നവീകരണം/പുനരുദ്ധാരണം എന്നിവയ്ക്കായി ത്രിതല പഞ്ചായത്തുകൾ വികസനഫണ്ട് വിനിയോഗിക്കാൻ പാടില്ല. ഇത്തരം പ്രവൃത്തികൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി ചെയ്യേണ്ടതാണ് (സ.ഉ. (എം.എസ്.) നമ്പർ 1999/08/തസ്വഭവ, തീയതി 11.07.08, സർക്കുലർ നമ്പർ 52936/ഡി.എ.1/2008/തസ്വഭവ, തീയതി 11.08.08).

മേൽ വിവരിച്ച വസ്തുതകളുടെ വെളിച്ചത്തിൽ ടി പ്രവൃത്തിക്ക് ചെലവഴിച്ച 443280 രൂപ തടസ്സത്തിൽവയ്ക്കുന്നു.

Local Fund Audit Department

3-9) ഗുണനിലവാരമില്ലാത്ത ഫർണിച്ചർ വാങ്ങി പദ്ധതി പണം പാഴാക്കി

പഞ്ചായത്ത് രാജ് നിയമപ്രകാരം വിദ്യാഭ്യാസ മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതല സർക്കാർ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ് മാത്രമാണ്. പ്രീ പ്രൈമറി സ്കൂളുകളുടേയും പ്രൈമറി സ്കൂളുകളുടേയും നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തുകൾക്കുള്ളതാണ്. എന്നാൽ 2010-11-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.19/10-11 പ്രകാരം വികസന ഫണ്ടിൽ നിന്നും 3 ലക്ഷം രൂപ വകയിരുത്തി '***കൂടൽ, കൈതപ്പറമ്പ്, മണക്കാല ഡിവിഷനുകളിലെ സ്കൂളുകൾക്ക് നവീന ഉപകരണങ്ങൾ*** ' എന്ന പ്രോജക്ട് നടപ്പിലാക്കി.

പദ്ധതിയുടെ ഭാഗമായി കുട്ടികൾക്കുള്ള മേശ, കസേര, ഓഫീസ് അലമാര, ടീച്ചർമാർക്കുള്ള ചെയർ, ടേബിൾ, വൈറ്റ് ബോർഡ്, ഡസ്റ്റർ, മാർക്കർ പെൻ തുടങ്ങിയ സാധനങ്ങളാണ് വാങ്ങി വിതരണം നടത്തിയിട്ടുള്ളത്. ടി സാധനങ്ങൾ സപ്ലൈ ചെയ്ത ഇനത്തിൽ കാലായിൽ ഫർണിച്ചർ, അടൂർ എന്ന സ്ഥാപനത്തിന് 3 ലക്ഷം രൂപ നൽകി (ട്രഷറി ബിൽ നം. 1/10-11, തീ. 28.07.10). അതിരുങ്കൽ ജി.എൽ.പി.എസ്, നെടുമൺ ജി.എൽ.പി.എസ്., മുണ്ടപ്പള്ളി ജി.എൽ.പി.എസ്. എന്നീ സ്കൂളുകൾക്കാണ് പ്രോജക്ടിന്റെ ആനുകൂല്യം ലഭിച്ചത്. ടി സ്കൂളുകളിലെ 119 കുട്ടികൾക്കുള്ള മേശയും കസേരയും ഒന്നിന് 1300 രൂപ നിരക്കിൽ സപ്ലൈ ചെയ്ത ഇനത്തിൽ 154700 രൂപയാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. എന്നാൽ സ്കൂളുകളിൽ വിതരണം ചെയ്ത ഫർണിച്ചറിന്റെ നിജസ്ഥിതി സംബന്ധിച്ചുള്ള ഭൗതിക പരിശോധനയിൽ ഇവ വിതരണം നടത്തി മൂന്നു മസത്തിനുള്ളിൽതന്നെ നശിച്ചു പോയിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു. സാധനങ്ങൾ വിതരണം ചെയ്ത സ്ഥാപനത്തിൽനിന്നും മുദ്രപത്രത്തിലുള്ള എഗ്രിമെന്റ് വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഗുണനിലവാരമില്ലാത്ത സാധനങ്ങൾ സപ്ലൈ ചെയ്ത് പൊതു ഖജനാവിന് നഷ്ടം വരുത്തിയ സ്ഥാപനത്തിനെതിരെ യാതൊരു നടപടിയും ബ്ലോക്ക് പഞ്ചായത്ത് അധികൃതർ സ്വീകരിച്ചില്ല. സ്ഥാപനം ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയിരുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയും (15000 രൂപ) 25.04.11, 10.10.11 എന്നീ തീയതികളിലായി തിരികെ നൽകി.

വിതരണം നടത്തിയ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്താതെ വാങ്ങൽ നടത്തിയതും, സപ്ലൈ ചെയ്ത സാധനങ്ങളുടെ നിജസ്ഥിതി പരിശോധിച്ച് ബോദ്ധ്യപ്പെടാതെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകിയതും ഗുരുതരമായ വീഴ്ചയാണ്. ഫർണിച്ചർ വാങ്ങുമ്പോൾ അവ തേക്ക്, ഈട്ടി, സംസ്കരിച്ച റബ്ബർ തുടങ്ങി മേൽത്തരം മരങ്ങൾ കൊണ്ടുള്ളതാണെന്ന് സ്ഥാപന മേധാവി ഉറപ്പാക്കണമെന്നും, സർക്കാരിന്റേതല്ലാത്ത സ്ഥാപനത്തിൽ നിന്നും 10,000 രൂപയിൽ കൂടുതലുള്ള മര ഫർണ്ണിച്ചർ വാങ്ങുമ്പോൾ ഫോറസ്റ്റ് വകുപ്പിലെ റേഞ്ചറിൽ കുറയാത്ത ഒരു ടെക്നിക്കൽ ഓഫീസർ പരിശോധിച്ച് മരത്തിന്റെ ഗുണമേന്മ ഉറപ്പ് വരുത്തണമെന്നും സ്റ്റോർ പർച്ചേസ് മാന്വലിൽ (ഖ: 58) നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിബന്ധന പാലിക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ കുട്ടികൾക്കുള്ള ടേബിൾ, കസേര എന്നിവ വാങ്ങിയതിന് ചെലവഴിച്ച 154700 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന് ചുമതലയില്ലാത്ത മേഖലയിൽ പദ്ധതി ആവിഷ്കരിക്കുകയും, ബ്ലോക്ക് പഞ്ചായത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാതെയും, സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കാതെയും വാങ്ങൽ നടത്തുകയും ചെയ്ത നിർവ്വഹണാധികാരിയിൽനിന്നും ടി തുക ഈടാക്കേണ്ടതാണ്.

Local Fund Audit Department

3-10) സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക നിരക്കിൽ സബ്സിഡി നൽകി

2010-11 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വികസനഫണ്ടിൽ നിന്നും ഒരേ ആവശ്യത്തിനായി രണ്ട് പ്രോജക്ടുകൾ നടപ്പിലാക്കിയിരിക്കുന്നു. പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	വകയിരുത്തിയ തുക		ചെലവായ തുക		ബിൽ നം./തീയതി
		വികസന ഫണ്ട്	മറ്റുള്ളവ	വികസന ഫണ്ട്	മറ്റുള്ളവ	
5/10-11	മുട്ടക്കോഴി വളർത്തൽ	500000	490000	489990	489990	2/10-11/17.08.10 &10/10-1/20.01.11
7/10-11	എസ്.എച്ച്.ജികൾക്കും, കുടുംബശ്രീ യൂണിറ്റുകൾക്കും മുട്ടക്കോഴി വളർത്തൽ	227800	210000	227800*	210000	3/10-11/08.09.10

** പരിശീലന പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിരുന്ന 17800 രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടച്ചു.*

സ്ത്രീകൾ അംഗമായിട്ടുള്ള ഗ്രൂപ്പുകൾക്കും സ്വയം സഹായ സംഘങ്ങൾക്കുമാണ് മുട്ടക്കോഴികളെ വിതരണം നടത്തിയിട്ടുള്ളത്. ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത നന്നാശ്ശേരിയിൽ എഗ്ഗർ നഴ്സറിയിൽ നിന്നും 45-60 ദിവസം വരെ പ്രായമുള്ള 23333 മുട്ടക്കോഴികളെ വാങ്ങി 50% സബ്സിഡി നിരക്കിൽ വിതരണം നടത്തി.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം 50% സബ്സിഡി അനുവദിച്ചിട്ടുള്ളത് ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് മാത്രമാണ്. എന്നാൽ മുട്ടക്കോഴികളെ കൈപ്പറ്റിയിരിക്കുന്ന ഗുണഭോക്താക്കൾ ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരാണെന്ന് തെളിയിക്കുന്ന രേഖകളില്ല. ആയതിനാൽ $33^{1}/_{3}$% സബ്സിഡി മാത്രമാണ് അനുവദനീയം. 20 രൂപ ഒരു കോഴിക്ക് സബ്സിഡി അനുവദിക്കേണ്ടതിനു പകരം 30 രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആകെ 23333 കോഴികൾക്ക്10 രൂപ നിരക്കിൽ അധിക സബ്സിഡി നൽകിയ ഇനത്തിൽ ചെലവഴിച്ച 233330 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

Local Fund Audit Department

3-11) വികലാംഗർക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ വീഴ്ച – 29854 രൂപയുടെ പാഴ് ചെലവ്

2011-12-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ S0071/12 പ്രകാരം പട്ടികജാതിക്കാരായ വികലാംഗർക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി എസ്സ്.സി.പി. ഫണ്ടിൽനിന്നും 437740 രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് അംഗീകാരം വാങ്ങി. ഏനാദിമംഗലം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസറുടെ നിർവ്വഹണച്ചുമതലയിൽ നടപ്പാക്കിയ ടി പദ്ധതിയുടെ ഭാഗമായി കെൽട്രോണിന്റെ സഹായത്തോടെ മെഡിക്കൽ ക്യാമ്പ് നടത്തി അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ചെയ്തു. മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി 29854 രൂപ ചെലവഴിച്ചു (ട്രഷറി ബിൽ നം. 2/11-12). എന്നാൽ നിർവ്വഹണാധികാരിയായ മെഡിക്കൽ ഓഫീസർ പദ്ധതി യഥാവിധി നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയതിനെ തുടർന്ന്, ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ ഓഫീസറെ നിർവ്വഹണച്ചുമതലയിൽ നിന്നും ഒഴിവാക്കുകയും സി.ഡി.പി.ഒ-യെ നിർവ്വഹണാധികാരിയായി നിശ്ചയിക്കുകയും ചെയ്തു. എന്നാൽ പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്ന പ്രകാരം പദ്ധതി നടപ്പാക്കുന്നതിൽ പുതുതായി നിശ്ചയിച്ച നിർവ്വഹണാധികാരിയും നടപടി സ്വീകരിച്ചില്ല. ഇക്കാരണത്താൽ ക്യാമ്പ് നടത്തുന്നതിന് വേണ്ടി ചെലവഴിച്ച 29854 രൂപ പാഴ്ചെലവായി.

Local Fund Audit Department

വ്യക്തിഗതാ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പിലാക്കാൻ പാടില്ലെന്ന് സർക്കാർ മാർഗ്ഗ നിർദ്ദേശം നിലനിൽക്കേയാണ് പറക്കോട് ബ്ലോക്ക് പഞ്ചായത്ത് ഇപ്രകാരമൊരു പദ്ധതി നടപ്പാക്കിയെന്നു മാത്രമല്ല, പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി ചെലവഴിക്കേണ്ട പദ്ധതി തുക നിർവ്വഹണാധികാരികളുടേയും, പഞ്ചായത്ത് ഭരണ സമിതിയുടെയും കെടുകാര്യസ്ഥത മൂലം പാഴാകുകയും ചെയ്തു. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3-12) വാടകയിനത്തിൽ സർക്കാർ ഖജനാവിന് നഷ്ടം

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിന് കൈമാറികിട്ടിയ സ്ഥാപനങ്ങളായ പട്ടികജാതി വികസന ഓഫീസ്, കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്,

ക്ഷീരവികസന ഓഫീസ് എന്നിവ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പട്ടികജാതി വികസന ഓഫീസിന് 3000 രൂപയും, കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിന് 1000 രൂപയും ക്ഷീരവികസന ഓഫീസിന് 755 രൂപയും പ്രതിമാസം വാടക നല്കി വരുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിട്ടുകൂടി ഈ സ്ഥാപനങ്ങൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നത് അംഗീകരിക്കാവുന്നതല്ല. 13.02.2009-ൽ കൂടിയ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ഈ സ്ഥാപനങ്ങൾ പഞ്ചായത്ത് കെട്ടിടത്തിലേക്ക് മാറ്റുന്നതിന് തീരുമാനമെടുത്തിരുന്നു. എന്നാൽ തീരുമാനം നാളിതുവരെ നടപ്പാക്കിയിട്ടില്ല. ഇതുമൂലം പ്രതിവർഷം സർക്കാർ ഖജനാവിന് 57060 രൂപയുടെ നഷ്ടമുണ്ടാകുന്നു. ഇത് ഒഴിവാക്കാവുന്നതാണ്.

3-13) <u>മൊബലൈസേഷൻ അഡ്വാൻസ് കൈപ്പറ്റി- നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല</u>

2011-12 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ S0087/12 പ്രകാരം കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിൽ പുന്നമൂട് വട്ടുതറ 153-ാം നമ്പർ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 5 ലക്ഷം രൂപ വികസനഫണ്ട് വകയിരുത്തി പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങി. പ്രവൃത്തിയുടെ നിർവ്വഹണത്തിനായി ഗുണഭോക്തൃസമിതി രൂപീകരിക്കുകയും ഗുണഭോക്തൃസമിതിയുടെ കൺവീനറായി ശ്രീമതി ശ്യാമളാമ്മ എന്ന വ്യക്തിയെ തെരഞ്ഞെടുക്കുകയും ചെയ്തു. കൺവീനർ ബ്ലോക്ക് പഞ്ചായത്തുമായി കരാർവയ്ക്കുകയും 1 ലക്ഷം രൂപ മൊബലൈസേഷൻ അഡ്വാൻസ് ഇനത്തിൽ കൈപ്പറ്റുകയും ചെയ്തു (ഡി.ഡി. നം. 857080, തീ. 05.03.12). എന്നാൽ കൺവീനർ നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. കരാർ ലംഘനം നടത്തിയ കൺവീനർക്കെതിരെ ബ്ലോക്ക് പഞ്ചായത്ത് അധികൃതർ യാതൊരു നടപടികളും സ്വീകരിച്ചിട്ടുമില്ല. മൊബലൈസേഷൻ അഡ്വാൻസ് ഇനത്തിൽ നൽകിയ തുക പിഴപ്പലിശ സഹിതം തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. മുൻകൂർ തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്ന മുറയ്ക്ക് തടസ്സവാദം ഒഴിവാക്കുന്നതാണ്.

3-14) <u>സമ്പൂർണ്ണ ശുചിത്വ പദ്ധതി - പ്രവൃത്തി പൂർത്തിയാക്കിയില്ല</u>

ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 160000 രൂപയും, പള്ളിക്കൽ ഗ്രാമപഞ്ചായത്ത് വിഹിതമായി 40000 രൂപയും ഉൾപ്പെടുത്തി ആകെ 2 ലക്ഷം രൂപ അടങ്കൽ വകയിരുത്തി നടപ്പിലാക്കിയ പദ്ധതിയാണ് ചേന്നംപുത്തൂർ കോളനി സാനിട്ടറി കോംപ്ലക്സ് നിർമ്മാണം. ടി

Local Fund Audit Department

പ്രവൃത്തിയുടെ കൺവീനർ ശ്രീ ആർ.രാജു 03.08.10-ൽ ബ്ലോക്ക് പഞ്ചായത്തുമായി കരാർവെച്ച് 40000 രൂപ മൊബലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 05.08.11-ൽ കൺവീനർക്ക് നോട്ടീസ് നല്കിയതൊഴിച്ചാൽ കരാർ ലംഘനം നടത്തിയ കൺവീനറിൽനിന്നും മുൻകൂർ തുക തിരികെ ഈടാക്കുന്നതിനോ, പ്രവൃത്തി പൂർത്തിയാക്കുന്നതിനോ ഫലപ്രദമായ യാതൊരു നടപടിയും ബ്ലോക്ക് പഞ്ചായത്ത് അധികൃതർ സ്വീകരിച്ചിട്ടില്ല. അഡ്വാൻസ് തുക പിഴപ്പലിശ സഹിതം തിരികെ ഈടാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. മുൻകൂർ തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്ന മുറയ്ക്ക് തടസ്സവാദം ഒഴിവാക്കുന്നതാണ്.

3-15) പൂർത്തിയാക്കാത്ത മരാമത്ത് പ്രവൃത്തികൾ

2011-12-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ കൺവീനർമാർ പാർട്ട് ബിൽ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതി വരെ (31.01.12) പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ല.

ക്രമ നം.	പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	അടങ്കൽ തുക	കൺവീനറുടെ പേര്	പാർട്ട് ബിൽ തുക	ബിൽ നമ്പർ, തീയതി
1.	S057/12	കൈലാസകുന്ന് കോളനി സമഗ്ര വികസനം (കലഞ്ഞൂർ ഗ്രാ.പ.)	300000	ശ്രീ. രാജൻ കെ.കെ., അമ്പലത്തിൽ പടിഞ്ഞാറ്റതിൽ, നെടുമൺകാവ്	43706	48/11-12, 31.03.12
2.	S065/12	നട്ടവിലേക്കര കോളനി സമഗ്രവികസനം (കടമ്പനാട് ഗ്രാ.പ.)	300000	ശ്രീ. അജയകുമാർ, കാർത്തിക, മണ്ണടി	84374	51/11-12, 31.03.12
3.	S053/12	നെടുമൺകാവ് കോളനി സമഗ്രവികസനം (കലഞ്ഞൂർ ഗ്രാ.പ.)	200000	ശ്രീ. കെ. സോമൻ, കോരുവിള ചരുവിൽ വീട്, കൂടൽ	55910	49/11-12 31.03.12
4.	S004/12	അതിരുങ്കൽ മാർക്കറ്റ് പുനരുദ്ധാരണം (കലഞ്ഞൂർ ഗ്രാ.പ.)	200000	ശ്രീ. സുനിൽകുമാർ പി.എൻ., തേമ്പാവുംമണ്ണിൽ, കലഞ്ഞൂർ	72926	54/11-12, 31.03.12
5.	S046/12	മാങ്കോട്ട് മുരുപ്പ് പട്ടികജാതി കോളനി സമഗ്രവികസനം (ഏഴംകുളം ഗ്രാ.പ.)	200000	ശ്രീ. ഉത്തമൻ, നിതിൻ ഭവനം, നെടുമൺ	71272	44/11-12, 31.03.12

Local Fund Audit Department

ടി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

3-16) <u>ഹരിയാലി പദ്ധതി പരാജയം</u>

പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള കൊടുമൺ, ഏഴംകുളം, ഏനാദിമംഗലം ഗ്രാമപഞ്ചായത്തുകളിലെ അങ്ങാടിക്കൽ, ഇടത്തിട്ട, കൊടുമൺ, കീരുകുഴി, ഇളമണ്ണൂർ എന്നീ അഞ്ച് നീർത്തടങ്ങളുടെ വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ഹരിയാലിയിൽ ഉൾപ്പെടുത്തി 125.94 ലക്ഷം രൂപ അടങ്കലുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ 5 വർഷംകൊണ്ട് പദ്ധതി പ്രാവർത്തികമാക്കാനായിരുന്നു വിഭാവനം ചെയ്തിരിന്നത്. പദ്ധതി നടത്തിപ്പിനായി അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പഞ്ചായത്തിന്റെ പേര്	നീർത്തടത്തിന്റെ പേര്	നീർത്തടത്തിലുൾപ്പെടുത്തിയ പ്രവൃത്തികളുടെ എണ്ണം	അടങ്കൽ തുക (ലക്ഷത്തിൽ)
1.	കൊടുമൺ	അങ്ങാടിക്കൽ	10	28.36
		ഇടത്തിട്ട	11	12.65
		കീരുകുഴി	9	15.66
		കൊടുമൺ	8	15.31
2.	ഏഴംകുളം	ഇളമണ്ണൂർ	15	35.09
3.	ഏനാദിമംഗലം			
	ആകെ		**53**	**107.06**

അഞ്ച് നീർത്തട പദ്ധതികളിലായി ഉൾപ്പെടുത്തിയ 53 പ്രവൃത്തികളിൽ എഗ്രിമെന്റ് വച്ച് പണി ഏറ്റെടുത്ത പല പദ്ധതികളും പാതിവഴിയിൽ ഉപേക്ഷിക്കുകയാണ് ചെയ്തത്. 13 പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്.

107.06 ലക്ഷം രൂപ വകയിരുത്തിയതിൽ 45.01 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് (42.04%). നിലവിൽ ഹരിയാലി ഫണ്ടിന്റെ അക്കൗണ്ടിൽ (കാനറ ബാങ്ക്, അടൂർ - അക്കൗണ്ട് നം.

Local Fund Audit Department

2357101009733) 2.35 ലക്ഷം രൂപ നിഷ്ക്രിയമായി കിടക്കുന്നു. ഈ തുകയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3-17) ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതി

2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലായി ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതിയുടെ ആനുകൂല്യം ലഭിച്ച 223 ഗുണഭോക്താക്കൾ പണിപൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ പേര്	2010-11			2011-12		
	ഗുണഭോക്താക്കളുടെ എണ്ണം	ഭവനനിർമ്മാണം പൂർത്തിയാക്കിയ ഗുണഭോക്താക്കളുടെ എണ്ണം	പണിപൂർത്തിയാക്കാത്തവരുടെ എണ്ണം	ഗുണഭോക്താക്കളുടെ എണ്ണം	ഭവനനിർമ്മാണം പൂർത്തിയാക്കിയ ഗുണഭോക്താക്കളുടെ എണ്ണം	പണിപൂർത്തിയാക്കാത്തവരുടെ എണ്ണം
ഏനാദിമംഗലം	51	45	6	56	31	25
ഏറത്ത്	38	30	8	74	42	32
ഏഴംകുളം	38	34	4	86	58	28
കടമ്പനാട്	21	18	3	46	32	14
കലഞ്ഞൂർ	32	23	9	80	57	23
കൊടുമൺ	46	37	9	68	51	17
പള്ളിക്കൽ	126	109	17	118	90	28
ആകെ	**352**	**296**	**56**	**528**	**361**	**167**

Local Fund Audit Department

ആദ്യ ഗഡുക്കൾ കൈപ്പറ്റിയതിനു ശേഷം ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ പണിപൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുകയോ, അല്ലാത്തപക്ഷം കരാറിലെ വ്യവസ്ഥകൾക്ക് വിധേയമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

3-18) നിർമ്മൽ ഗ്രാമ പുരസ്കാരം അവാർഡ് തുക വിനിയോഗിച്ചിട്ടില്ല

2010-11 സാമ്പത്തിക വർഷം നിർമ്മൽ ഗ്രാമ പുരസ്കാരം ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച 19 ലക്ഷം രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു. 20.05.10-ൽ ലഭിച്ച തുക S.B.T-യുടെ പറക്കോട് ശാഖയിൽ നിക്ഷേപിച്ചിരിക്കുകയാണ്. 2011-12-ലെ വാർഷിക പദ്ധതിയിൽ പ്രോജക്റ്റ് നമ്പർ S0022/12 പ്രകാരം പുരസ്കാരതുകയിൽ നിന്നും 13.65 ലക്ഷം രൂപ വകയിരുത്തി പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയെങ്കിലും പദ്ധതി നടപ്പാക്കിയില്ല. പുരസ്കാര തുകയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്.

3-19) ഏനാദിമംഗലം സി.എച്ച്.സി - പ്രവർത്തന അവലോകനം

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പറക്കോട് ബ്ലോക്ക് പഞ്ചായത്തിന് കൈമാറികിട്ടിയ സ്ഥാപനമാണ് ഏനാദിമംഗലം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ. ഏനാദിമംഗലം, ഏഴംകുളം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള വലിയൊരു വിഭാഗം സാധാരണക്കാരും, നിർദ്ധനരുമായ ജനങ്ങൾ ചികിത്സയ്ക്ക് ആശ്രയിക്കുന്ന സ്ഥാപനമാണിത്. ദിനംപ്രതി 250-ൽപ്പരം രോഗികൾ ഓ.പി-യിൽ ചികിത്സയ്ക്ക് എത്തുന്നുണ്ട്. ഒരു സിവിൾ സർജനും, 3 അസിസ്റ്റന്റ് സർജൻമാരും ഉൾപ്പെടെ 43 ജീവനക്കാരാണ് ഇവിടെയുള്ളത്. ജീവനക്കാരുടെയും, കെട്ടിട സൗകര്യങ്ങളുടെയും വിവരം ചുവടെ ചേർക്കുന്നു:

തസ്തികയുടെ പേര്	തസ്തികകളുടെ എണ്ണം
സിവിൾ സർജൻ	1
അസിസ്റ്റന്റ് സർജൻ	3
സ്റ്റാഫ് നഴ്സ്	5
നഴ്സിംഗ് അസിസ്റ്റന്റ്	2
ഓപ്റ്റോമെടിസ്റ്റ്	1
ഫാർമസിസ്റ്റ്	1
ലാബ് ടെക്നീഷ്യൻ	1
എച്ച്.എ. ഗ്രേ: II	2
ഹെൽത്ത് സൂപ്പർവൈസർ	1

Local Fund Audit Department

പബ്ലിക് ഹെൽത്ത് സൂപ്പർവൈസർ	1
സീനിയർ പബ്ലിക് ഹെൽത്ത് നഴ്സ്	1
ഹെൽത്ത് ഇൻസ്പെക്ടർ	1
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേ: I	3
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേ:II	3
ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേ:I	5
ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേ:II	5
ഹെഡ് ക്ലാർക്ക്	1
യു.ഡി. ക്ലാർക്ക്	2
എൽ.ഡി.ക്ലാർക്ക്	1
പ്യൂൺ	1
ഡ്രൈവർ	1
പാർട്ട് ടൈം സ്വീപ്പർ	1

കെട്ടിട സൗകര്യങ്ങൾ

ഓഫീസ് കെട്ടിടം - 1
ഐ.പി. കെട്ടിടം - 2
പി.പി. യൂണിറ്റ് - 1
ഓപ്പറേഷൻ തീയറ്റർ - 1
ക്വാർട്ടേഴ്സ് - 6

ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്ന നിലയിൽ '24x7' നിലവാരത്തിൽ പ്രവർത്തിക്കേണ്ട ഈ സ്ഥാപനം ഇപ്പോൾ ഒരു സാധാരണ പി.എച്ച്.സി-യുടെ നിലവാരത്തിലാണ് പ്രവർത്തിച്ചുവരുന്നത്. 24 മണിക്കൂർ കാഷ്യാലിറ്റി സൗകര്യവും, കിടത്തി ചികിത്സയും ലഭ്യമാക്കുന്നതിനാവശ്യമായ ജീവനക്കാരെയാണ് സർക്കാർ ആശുപത്രിയ്ക്ക് വേണ്ടി അനുവദിച്ചിട്ടുള്ളത്. ഇതിനാവശ്യമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളും നിലവിലുണ്ട്. 1991-ൽ ഐ.പി. കെട്ടിടം നിർമ്മിക്കുകയും, 24 കിടക്കകൾ അനുവദിക്കുകയും ചെയ്തിരുന്നു. ഇതിന് പുറമേ 2004-05 വർഷം ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ച് പുതിയ ഒരു ഐ.പി. ബ്ലോക്ക് കൂടി നിർമ്മിക്കുകയുണ്ടായി. എന്നാൽ കിടത്തി ചികിത്സയില്ലാത്തതിനാൽ ഇവയെല്ലാം പ്രയോജന രഹിതമായി കിടക്കുകയാണ്. ചികിത്സാ സൗകര്യങ്ങൾ വിരളമായ മലയോര പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഈ ആശുപത്രിയിൽ കിടത്തി ചികിത്സ

Local Fund Audit Department

അനുവദിക്കാത്തതിനാൽ കിടത്തി ചികിത്സ ആവശ്യമുള്ള രോഗികൾക്ക് 16 കിലോമീറ്റർ അകലെയുള്ള അടൂർ താലൂക്ക് ആശുപത്രിയെ ആശ്രയിക്കേണ്ട സ്ഥിതിയാണുള്ളത്.

ആശുപത്രിയുടെ നിയന്ത്രണം കയ്യാളുന്ന ബ്ലോക്ക് പഞ്ചായത്ത് ആശുപത്രിയുടെ കാര്യക്ഷമമായ നടത്തിപ്പിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ലെന്ന് ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയുടെ പ്രവർത്തനം പരിശോധിച്ചാൽ മനസ്സിലാകുന്നതാണ്. കൃത്യമായ ഇടവേളകളിൽ മാനേജിംഗ് കമ്മിറ്റി വിളിച്ച് ചേർക്കുന്നില്ല. കമ്മിറ്റി യോഗങ്ങളിൽ ജനപ്രതിനിധികളുടെയും, ഉദ്യോഗസ്ഥരുടെയും മതിയായ പങ്കാളിത്തവും ഇല്ല. ആശുപത്രി നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മാനേജിംഗ് കമ്മിറ്റി കാര്യമായ ഇടപെടൽ നടത്തുന്നില്ലെന്നാണ് മനസ്സിലാകുന്നത്.

ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ അടിയന്തിരമായി പരിഹിരിക്കേണ്ട ഒട്ടേറെ പ്രശ്നങ്ങൾ നിലനിൽക്കുന്നു. പഴയ ഐ.പി. കെട്ടിടം അറ്റകുറ്റപ്പണികളുടെ അഭാവത്തിൽ ചോർന്നൊലിക്കുന്നു. ജി.ഐ. പൈപ്പ് ഉപയോഗിച്ചുള്ള പ്ലമ്പിംഗ് കാലപ്പഴക്കത്താൽ തുരുമ്പെടുത്ത് ടാപ്പുകളിലൂടെ തുരുമ്പ് കലർന്ന ജലമാണ് ലഭിക്കുന്നത്. വാട്ടർ ടാങ്കും കാലപ്പഴക്കത്താൽ പൊട്ടിയൊലിക്കുന്ന സ്ഥിതിയിലാണ്. കൂടാതെ, നിലവിലുള്ള പമ്പ് സെറ്റും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. പഴക്കം ചെന്ന പമ്പ് സെറ്റും, വയറിംഗും വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്നതിനിടയാക്കുന്നു. ഓഫീസ് കെട്ടിടത്തിന്റേയും, ക്വാർട്ടേഴ്സുകളുടെയും വയറിംഗും, പ്ലംമ്പിംഗും അടിയന്തിര അറ്റകുറ്റപ്പണി ആവശ്യമായ നിലയിലാണ്.

ഓ.പി-യിൽ രോഗികൾക്ക് മതിയായ ഇരിപ്പിട സൗകര്യം ഒരുക്കിയിട്ടില്ല. ടോയിലറ്റ് സൗകര്യവും പര്യാപ്തമല്ല. നാല് ടോയിലറ്റുകൾ ഉള്ളതിൽ രണ്ട് എണ്ണവും ഉപയോഗയോഗ്യമല്ല. ഒ.പി. കൗണ്ടർ, ഫാർമസി, കൺസൾട്ടേഷൻ റൂം, ലാബ് എന്നിവിടങ്ങളിൽ ആവശ്യത്തിന് സ്ഥല സൗകര്യമില്ല. സ്ഥലപരിമിതി മൂലം ലാബ് രണ്ട് ഇടങ്ങളിലായാണ് പ്രവർത്തിക്കുന്നത്.

ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് അനുവദിക്കുന്ന കാര്യത്തിലും തികഞ്ഞ അലംഭാവമാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. 2011-12 കാലയളവിൽ വിവിധ കണ്ടിജന്റ് ചെലവുകൾക്കായി ആശുപത്രി വികസനസമിതിയുടെ ഫണ്ടിൽനിന്നും തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിൽ എടുത്തിട്ടുള്ള 79793 രൂപ ഓഡിറ്റ് തീയതിവരെ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽനിന്നും തിരികെ നൽകിയിട്ടില്ല.

Local Fund Audit Department

കാര്യങ്ങൾ ഇപ്രകാരമാണെങ്കിലും ആശുപത്രി നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കാര്യമായി ഒന്നും ചെയ്യുന്നില്ല. പറക്കോട് ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് സംരക്ഷണ പ്രവർത്തികൾ നടത്താവുന്ന ഏക സ്ഥാപനം ഏനാദിമംഗലം സി.എച്ച്.സി-യാണ്. എന്നാൽ തങ്ങൾക്ക് കൈമാറിക്കിട്ടിയ ഈ ആരോഗ്യ സ്ഥാപനത്തിന്റെ സംരക്ഷണത്തിന് വിനിയോഗിക്കേണ്ട മെയിന്റനൻസ് ഗ്രാന്റ് ഗ്രാമപഞ്ചായത്തുകളുടെ അധികാരപരിധിയിലുള്ള അംഗൻവാടികളുടെ അറ്റകുറ്റപ്പണികൾക്ക് വേണ്ടി വകമാറ്റി ചെലവഴിക്കുകയാണ് ബ്ലോക്ക് പഞ്ചായത്ത് ചെയ്തുവരുന്നത്. 2010-11-ൽ മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ലഭ്യമായിരുന്ന 41.19 ലക്ഷം രൂപയിൽ 25.91 ലക്ഷം രൂപയും അംഗൻവാടികളുടെ മെയിന്റനൻസിനാണ് വിനിയോഗിച്ചത്. ആശുപത്രിയുടെ സംരക്ഷണത്തിനായി ചെലവഴിച്ചതാകട്ടെ 6.39 ലക്ഷം രൂപയും. അതുപോലെതന്നെ 2011-12-ൽ ലഭ്യമായിരുന്ന 19.96 ലക്ഷം രൂപയിൽ ഒരു പൈസപോലും ആശുപത്രിയ്ക്കുവേണ്ടി മുടക്കിയിട്ടില്ല.

ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്ന നിലയിൽ ഈ ആശുപത്രി നിലനിർത്തുന്നതിന് സർക്കാർ ഖജനാവിൽനിന്നും മുടക്കുന്ന പണത്തിന് ആനുപാതികമായ പ്രയോജനം പൊതു സമൂഹത്തിന് ലഭിക്കുന്നില്ല. ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കിടത്തി ചികിത്സ ആരംഭിക്കുന്നതിനും പഞ്ചായത്ത് ഭരണ സമിതി അലംഭാവം വെടിഞ്ഞ് ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

Local Fund Audit Department

3-20) സംയുക്ത പ്രോജക്ടുകൾക്ക് വകയിരുത്തി നല്കിയ തുകകൾ വിനിയോഗിച്ചിട്ടില്ല

2011-12 സാമ്പത്തിക വർഷത്തിൽ വികസനഫണ്ടിൽ നിന്നും വിവിധ ഗ്രാമപഞ്ചായത്തുകളിൽ സംയുക്ത പദ്ധതികൾ നടപ്പിലാക്കാനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകളുടെ വിനിയോഗസാക്ഷ്യപത്രം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	തുക	ട്രഷറി ബിൽ നം./തീയതി	തുക കൈപ്പറ്റിയ സ്ഥാപനം
1.	S0007/11-12	പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രി കെട്ടിടം പുനരുദ്ധാരണം	900000	11/11-12 31.01.12	പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

2.	S0099/11-12	ഏഴംകുളം ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ആട് വിതരണം	200000	20/11-12 16.03.12	ഏഴംകുളം ഗ്രാമപഞ്ചായത്ത്
3.	S0009/11-12	ഏഴംകുളം ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രി കെട്ടിടം നിർമ്മാണം	606947	12/11-12 31.01.12	ഏഴംകുളം ഗ്രാമപഞ്ചായത്ത്
4.	S0020/11-12	കടമ്പനാട് ഗ്രാമപഞ്ചായത്തിലെ മണ്ണടി ഹോമിയോ ആശുപത്രി കെട്ടിടം	700000	10/11-12 31.01.12	കടമ്പനാട് ഗ്രാമപഞ്ചായത്ത്
5.	S0019/11-12	ഏനാദിമംഗലം ഗ്രാമപഞ്ചായത്തിലെ ഹോമിയോ ആശുപത്രി കെട്ടിടം	500000	19/11-12 16.03.12	ഏനാദിമംഗലം ഗ്രാമപഞ്ചായത്ത്

ടി തുകകളുടെ വിനിയോഗസാക്ഷ്യപത്രം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും വാങ്ങി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഭാഗം - 4 : ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

4-1) **വായ്പ/വായ്പ തിരിച്ചടവ്:** ഇല്ല

4-2) **സ്ഥിര നിക്ഷേപങ്ങൾ (ഇൻവെസ്റ്റുമെന്റുകൾ):** ഇല്ല

4-3) **സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേയ്ക്കും ഒടുക്കുവാനുള്ള തുകകൾ**

2010-11 സാമ്പത്തിക വർഷത്തിലെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 2011-12 വർഷത്തെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	വരവ്	ചെലവ്
ആദായനികുതി	215683	215683
വിൽപ്പന നികുതി	777544	777544
നിർമ്മാണ തൊഴിലാളി ക്ഷേമനിധി	212034	212034

4-4) **ഓഡിറ്റ് റിക്കവറി**: ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

Local Fund Audit Department

4-5) **<u>ഓഡിറ്റ് പ്രത്യവലോകനം</u>**

(എ)

ആകെ വരവ്	2010-11	191794068
	2011-12	202869823
ആകെ ചെലവ്	2010-11	127908952
	2011-12	201153896
വരവിനങ്ങളിലുള്ള നഷ്ടം		4368
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക		154700
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക		10996379

(ബി) **<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഖണ്ഡിക നം.	നഷ്ടമായ തുക		ഉത്തരവാദിയായ ഉദ്യോസ്ഥന്റെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	
2-2	4368	--	ശ്രീ. തങ്കപ്പൻ കെ.ആർ, സെക്രട്ടറി
3-9	–	154700	ശ്രീ. തങ്കപ്പൻ കെ.ആർ, സെക്രട്ടറി
ആകെ	**4368**	154700	

(സി) **<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

ഖണ്ഡിക നം.	തുക
3-4	352855
3-5	470856
3-6	517572
3-7	8838486
3-8	443280
3-10	233330
3-13	100000

Local Fund Audit Department

3-14	40000
ആകെ	**10996379**

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക: 3-4, 3-5

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ മേൽവിലാസങ്ങൾ

ക്രമ നം.	പേരും, ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
1.	ശ്രീ. തങ്കപ്പൻ കെ.ആർ, സെക്രട്ടറി	വിരമിച്ചു	രോഹിണി, അടൂർ പി.ഒ., പത്തനംതിട്ട ജില്ല

4-6 **തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1995-96 മുതൽ 1997-98 വരെ	എൽ.എഫ്.പി.റ്റി.എ/പി5/152/99, തീയതി 06.08.99
1998-99	എൽ.എഫ്.പി.റ്റി.എ/പി5/207/2000, തീയതി 07.08.00
1999-00	എൽ.എഫ്.പി.റ്റി.എ/പി5/580/2000, തീയതി 07.02.01
2000-01	എൽ.എഫ്.പി.റ്റി.എ/പി5/624/02, തീയതി 04.09.03
2001-02	എൽ.എഫ്.പി.റ്റി.എ/പി5/301/04, തീയതി 09.08.04
2002-03	എൽ.എഫ്.പി.റ്റി.എ/പി6/70/06, തീയതി 15.09.06

Local Fund Audit Department

2003-04	എൽ.എഫ്.പി.റ്റി.എ/പി6/940/06, തീയതി 09.07.07
2004-05	എൽ.എഫ്.പി.റ്റി.എ/പി6/877/07, തീയതി 06.12.07
2005-06	എൽ.എഫ്.പി.റ്റി.എ/പി6/878/07, തീയതി 11.12.07
2006-07	എൽ.എഫ്.പി.റ്റി.എ/പി6/561/08, തീയതി 13.03.09
2007-08	എൽ.എഫ്.പി.റ്റി.എ/പി3/891/09, തീയതി 25.03.10
2008-09	എൽ.എഫ്.പി.റ്റി.എ/പി2/29/11, തീയതി 11.05.11
2009-10	എൽ.എഫ്.പി.റ്റി.എ/പി2/30/11, തീയതി 10.10.11

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

Local Fund Audit Department

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

<u>അനുബന്ധം - 1</u>

ബ്ലോക്ക് പഞ്ചായത്തിന് ചുമതലയില്ലാത്ത മേഖലകളിൽ 2010-11, 2011-12 വർഷങ്ങളിൽ ആവിഷ്കരിച്ച പ്രോജക്ടുകളുടെ പട്ടിക

ക്രമ നം.	പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	അടങ്കൽ	ചെലവഴിച്ച തുക
1	1/11	ഏറത്ത് ഗ്രാമ പഞ്ചായത്തിലെ മൃഗാശുപത്രി കെട്ടിടം പുനരുദ്ധാരണം	500000	470856
2	2/11	പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ കുറിച്ചിമലക്കുളം പുനരുദ്ധാരണം	443280	443280
3	5/11	മുട്ടക്കോഴി വളർത്തൽ	500000	489990
4	6/11	ഒറ്റത്തേക്ക് മാർക്കറ്റ് പുനരുദ്ധാരണം	117593	117593
5	7/11	എസ്സ്.എച്ച്.ജികൾക്കും കുടുംബശ്രീ യൂണിറ്റുകൾക്കും മുട്ടക്കോഴി വളർത്തൽ	437800	227800
6	8/11	കടമ്പനാട് കോളൂർക്കുഴി ഏലാ തലക്കുളം നിർമ്മാണം	200000	147871
7	10/11	കലഞ്ഞൂർ മാങ്കുഴി ഏലാ തലക്കുളം പുനരുദ്ധാരണം	200000	--
8	11/11	ഏഴംകുളം ഗ്രാമപഞ്ചായത്തിലെ ഇടത്തറ ഏലാ തലക്കുളം പുനരുദ്ധാരണം	500000	--
9	14/11	വനിതാ സ്വയം സഹായസംഘങ്ങൾക്കും. കുടുംബശ്രീ യൂണിറ്റുകൾക്കും പശുക്കളെയും കിടാങ്ങളെയും വാങ്ങി നൽകൽ	1350000	618000
10	99/11	മണ്ണടി താഴത്ത് മാർക്കറ്റ് നവീകരണം	500000	454993
11	103/11	പള്ളികൽ ഗ്രാമപഞ്ചായത്തിലെ കുറിച്ചിമലക്കുളം പുനരുദ്ധാരണം	216113	--
12	17/11	കുളത്തുമൺ, അതിരുങ്കൽ എൽ.പി.എസ്സുകളുടെ മെയിന്റനൻസ്	200000	195615
13	18/11	നെടുമൺ, ഏഴംകുളം എൽ.പി.എസ്സുകളുടെ മെയിന്റനൻസ്	200000	146362
14	19/11	കൂടൽ, കൈതപ്പറമ്പ്, മണക്കാല ഡിവിഷനുകളിലെ സ്കൂളുകളുടെ നവീകരണം	300000	300000
15	28/11	കാഴ്ച – സമഗ്രവയോജന പരിപാലന ക്യാമ്പയിൻ	834320	--
16	88/11	പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ മെയിന്റനൻസ്	500000	463953
17	89/11	ഏറത്ത് ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ മെയിന്റനൻസ്	500000	499905
18	90/11	കൊടുമൺ ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ മെയിന്റനൻസ്	373088	371853
19	91/11	ഏഴംകുളം ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ	500000	461597

Local Fund Audit Department

		മെയിന്റനൻസ്		
20	92/11	കടമ്പനാട് ഗ്രാമപഞ്ചായത്തലെ അങ്കണവാടികളുടെ മെയിന്റനൻസ്	500000	325416
21	93/11	കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ മെയിന്റനൻസ്	500000	468427
22	102/11	മാങ്കോട്ടുമുരുപ്പ് 8-ാം നമ്പർ അങ്കണവാടി, വയലാ 164-ാം നമ്പർ അങ്കണവാടി എന്നിവയുടെ ടെണ്ടർ എക്സസ്	200000	169945
23	104/11	ഏനാദിമംഗലം, ഏഴംകുളം ഗ്രാമപഞ്ചായത്തുകളിൽ അങ്കണവാടികളുടെ പുനരുദ്ധാരണം	400000	383011
24	45/11	കൊടുമൺ ഉടയൻകാവ് ഐക്കരേത്ത് മീനത്തേത്തുപടി കുടിവെള്ള പദ്ധതി	440000	396001
25	46/11	ഏഴംകുളം ഗ്രാമപഞ്ചായത്തിലെ മാങ്കോട്ടുമുരുപ്പ്8-ാം നമ്പർ അങ്കണവാടി കെട്ടിടം നിർമ്മാണം	422917	299646
26	47/11	കൊടുമൺ ഗ്രാമപഞ്ചായത്തിലെ ഐക്കരേത്ത് കോളനി കുടിവെള്ള പദ്ധതി	550000	481497
27	49/11	കൊടുമൺ ഗ്രാമപഞ്ചായത്തിലെ 73-ാം നമ്പർ അങ്കണവാടി കെട്ടിടം നിർമ്മാണം	416125	384001
28	50/11	വയലാ പട്ടികജാതി കോളനിയിൽ164-ാംനമ്പർ അങ്കണവാടി കെട്ടിടം നിർമ്മാണം	500000	450248
29	60/11	എസ്സ്.സി.അങ്കണവാടികൾക്ക് ഉപകരണങ്ങൾ	1000000	--
30	61/11	വികലാംഗരായ എസ്സ്.സി. വിദ്യാർത്ഥികൾക്ക് ഡിസൈൻഡ് ഫർണിച്ചർ വാങ്ങൽ	250000	--
31	62/11	കൊടുമൺ ഗ്രാമപഞ്ചായത്തിലെ79-ാം നമ്പർ അങ്കണവാടി കെട്ടിടം നിർമ്മാണം	500000	--
32	67/11	വൃദ്ധ വികലാംഗക്ഷേമം-വികലാംഗർക്കും വൃദ്ധർക്കും സഹായ ഉപകരണങ്ങൾ വാങ്ങി നൽകൽ	506352	--
		ആകെ	**14557588**	**8767860**
		2011-12		
1	1/12	കടമ്പനാട് കോളൂർക്കുഴി ഏലാ തലക്കുളം നിർമ്മാണം	52129	--
2	2/12	ഏഴംകുളം ഗ്രാമപഞ്ചായത്തിലെ ഇടത്തറ ഏലാ തലക്കുളം പുനരുദ്ധാരണം	500000	499247
3	4/12	കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ അതിരുങ്കൽ മാർക്കറ്റിൽ ഫിഷ്സ്റ്റാൾ നിർമ്മാണം	200000	72926
4	7/12	പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രി കെട്ടിടം പുനരുദ്ധാരണം	900000	900000
56	8/12	വനിതാ സ്വയംസഹായസംഘങ്ങൾക്ക് പശുക്കളെ വാങ്ങി നൽകൽ	1975000	--
6	9/12	ഏഴംകുളം ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രി കെട്ടിടം	606947	606947

Local Fund Audit Department

		നിർമ്മാണം		
7	99/12	ഏഴംകുളം ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റുകൾക്ക് ആട് വളർത്തൽ	200000	200000
8	100/12	ഏലാതോട് സൈഡ് പ്രോട്ടക്ഷൻ വർക്ക്	250000	--
9	19/12	ഏനാദിമംഗലം ഗ്രാമപഞ്ചായത്തലെ ഹോമിയോ ആശുപത്രി കെട്ടിടം നിർമ്മാണം	500000	500000
10	20/12	കടമ്പനാട് ഗ്രാമപഞ്ചായത്തലെ മണ്ണടി ഹോമിയോ ആശുപത്രി കെട്ടിടം നിർമ്മാണം	700000	700000
11	21/12	വികലാംഗർക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ	400000	29854
12	24/12	ഏറത്ത് ഗ്രാമപഞ്ചായത്തലെ 10, 11 വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	403138	403138
13	87/12	കലഞ്ഞൂർ ഗ്രാമപഞ്ചായത്തലെ 153-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം	500000	50000
14	89/12	കൊടുമൺ ഗ്രാമപഞ്ചായത്ത് ഉടയാൻകാവ്97-ാം നമ്പർ അങ്കണവാടി അറ്റകുറ്റപ്പണി	123000	91487
15	90/12	കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് നെല്ലിമുരുപ്പ് അംഗൻവാടി അറ്റകുറ്റപ്പണി	200000	--
16	91/12	പള്ളിക്കൽ ഗ്രാമപഞ്ചായത്തലെ 22-ാം വാർഡിൽ അങ്കണവാടി അറ്റകുറ്റപ്പണി	200000	193961
17	92/12	ഏറത്ത് ഗ്രാമപഞ്ചായത്ത് അങ്കണവാടി നമ്പർ 30 പുനരുദ്ധാരണം	150000	--
18	93/12	കടമ്പനാട് ഗ്രാമപഞ്ചായത്തലെ അങ്കണവാടികളുടെ പുനരുദ്ധാരണം	72000	--
19	94/12	ഏഴംകുളം ഗ്രാമപഞ്ചായത്തലെ അറുകാലിക്കൽ വാർഡിൽ മാളികക്കീഴ് അങ്കണവാടി അറ്റകുറ്റപ്പണി	100000	--
20	95/12	കലഞ്ഞൂർ ഗ്രാമപഞ്ചായത്തലെ അങ്കണവാടികളുടെ അറ്റകുറ്റപ്പണി	231714	200168
21	104/12	പറക്കോട് ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ വൈദ്യുതീകരണം	14779	10196
22	71/12	പട്ടികജാതിക്കാരായ വികലാംഗർക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ	437740	--
		ആകെ	**8716447**	**4457924**

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

Local Fund Audit Department

അനുബന്ധം - 2
സമഗ്ര കോളനി വികസന പദ്ധതി ചെലവുകൾ - ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകകളുടെ വിശദാംശങ്ങൾ

ക്രമ നം.	പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	അടങ്കൽ	ചെലവ്
1	48	പള്ളിക്കൽ ഗ്രാമപഞ്ചായത്തലെ തെന്നാപ്പറമ്പ് കോളനി നവീകരണം	500000	486514
2	53	പള്ളിക്കൽ ഗ്രാമപഞ്ചായത്തലെ ചക്കഞ്ചിറ കോളനി നവീകരണം	500000	493495
3	54	ഏഴംകുളം ഗ്രാമപഞ്ചായത്തിലെ ചിത്തിര കോളനി നവീകരണം	500000	299250
4	56	ഏറത്ത് പഞ്ചായത്തിലെ മുകളുവിള കോളനി നവീകരണം	500000	497568
5	57	പള്ളിക്കൽ ഗ്രാമപഞ്ചായത്തലെ തെങ്ങുംതാര പട്ടികജാതി കോളനി നവീകരണം	200750	155277
6	63	ഏഴംകുളം ഗ്രാമപഞ്ചായത്തലെ 1-ാം വാർഡിൽ പനയ്ക്കമരുപ്പ് കോളനി സമഗ്രവികസനം	400000	248593
7	68	ഏനാദിമംഗലം ഗ്രാമപഞ്ചായത്തലെ ലക്ഷംവീട് മുല്ലമ്പൂർ സമഗ്രവികസനം	300000	228231
8	100	ഏനാദിമംഗലം മരുകൻകുന്ന് കോളനി സമഗ്രവികസനം	500000	346051
9	101	ഏനാദിമംഗലം ഗ്രാമപഞ്ചായത്തലെ അടപ്പ്പാറ കോളനി നവീകരണം	500000	459865
		2011-12		
1	44	ഏഴംകുളം ഗ്രാമപഞ്ചായത്തലെ ചിത്തിര കോളനി നവീകരണം	169785	169785
2	45	ഏഴംകുളം ഗ്രാമപഞ്ചായത്തലെ 1-ാം വാർഡിൽ പനയ്ക്കമരുപ്പ് കോളനി സമഗ്രവികസനം	147724	147724
3	46	ഏഴംകുളം ഗ്രാമപഞ്ചായത്തലെ മങ്കോട്ടുമുരുപ്പ് പട്ടികജാതി കോളനി സമഗ്രവികസനം	200000	71272
4	47	ഏനാദിമംഗലം ഗ്രാമപഞ്ചായത്തലെ ലക്ഷംവീട് മുല്ലമ്പൂർ കോളനി സമഗ്രവികസനം	58884	58884
5	48	ഏനാദിമംഗലം ഗ്രാമപഞ്ചായത്തലെ മുരുകൻകുന്ന് കോളനി സമഗ്രവികസനം	143416	143416
6	49	ഏനാദിമംഗലം ഗ്രാമപഞ്ചായത്തലെ അടപ്പ്പാറ കോളനി സമഗ്രവികസനം	32516	32516
7	51	കൊടുമൺ ഗ്രാമപഞ്ചായത്തലെ വട്ടവിള കോളനി സമഗ്രവികസനം	500000	401864
8	52	ഏനാദിമംഗലം ഗ്രാമപഞ്ചായത്തലെ കാഞ്ഞിരവേലിൽ കോളനി സമഗ്രവികസനം	300000	300000

Local Fund Audit Department

9	53	കലഞ്ഞൂർ ഗ്രാമപഞ്ചായത്തലെ നെടുമൺകാവ് കോളനി സമഗ്രവികസനം	200000	55910
10	54	ഏഴംകുളം ഗ്രാമപഞ്ചായത്തലെ 4-ാം വാർഡിൽ പനവിള കോളനി സമഗ്ര വികസനം	500000	467359
11	55	ഏഴംകുളം ഗ്രാമപഞ്ചായത്തലെ 16-ാം വാർഡിൽ പൊടിവിള കോളനി സമഗ്ര വികസനം	403125	98821
12	57	കലഞ്ഞൂർ ഗ്രാമപഞ്ചായത്തലെ 1-ാം വാർഡിൽ കൈലാസകുന്ന് കോളനി സമഗ്രവികസനം	300000	43706
13	58	പള്ളിക്കൽ ഗ്രാമപഞ്ചായത്തലെ 2-ാം വാർഡിൽ കൊട്ടയ്ക്കാട്ടുപടിഞ്ഞാറ്റേതിൽ കോളനി സമഗ്രവികസനം	300000	300000
14	59	ഏനാദിമംഗലം ഗ്രാമപഞ്ചായത്തലെ 11-ാം വാർഡിൽ മൈനാമൺ കോളനി സമഗ്രവികസനം	300000	290915
15	60	കലഞ്ഞൂർ ഗ്രാമപഞ്ചായത്തലെ 16-ാം വാർഡിൽ കടുത്ത ലക്ഷം വീട് കോളനി നവീകരണം	500000	500000
16	61	പള്ളിക്കൽ ഗ്രാമപഞ്ചായത്തലെ 16-ാം വാർഡിൽ ഇലഞ്ഞിക്കോട് കക്കാട്ടിൽ കോളനി നവീകരണം	400000	400000
	62	കലഞ്ഞൂർ ഗ്രാമപഞ്ചായത്തലെ 19-ാം വാർഡിൽ നെല്ലിമുരുപ്പ് കോളനി നവീകരണം	408602	375797
17	63	ഏറത്ത് ഗ്രാമപഞ്ചായത്തലെ 13-ാം വാർഡിൽ ചൂരക്കോട് കക്കാ ട്ടിൽ കോളനി നവീകരണം	362560	362560
18	64	ഏറത്ത് ഗ്രാമപഞ്ചായത്തലെ 6-ാം വാർഡിൽ മരുകൻകുന്ന് കോളനി സമഗ്രവികസനം	300000	245472
19	65	കടമ്പനാട് ഗ്രാമപഞ്ചായത്തലെ 7-ാം വാർഡിൽ നടുവിലേക്കര കോളനി സമഗ്രവികസനം	300000	84374
20	67	കൊടുൺ ഗ്രാമപഞ്ചായത്തലെ 4-ാം വാർഡിൽ എരിയാനിപ്പൊയ്ക കോളനി സമഗ്രവികസനം	250000	250000
21	69	കടമ്പനാട് ഗ്രാമപഞ്ചായത്തൽ തെറ്റിമുകൾ നിലയ്ക്കൽ കോളനി സമഗ്രവികസനം	300000	275313
22	70	ഏനാദിമംഗലം ഗ്രാമപഞ്ചായത്തലെ 12-ാം വാർഡിൽ കുന്നിട ലക്ഷംവീട് കോളനി സമഗ്രവികസനം	371712	263306
23	88	ഏനാദിമംഗലം ഗ്രാമപഞ്ചായത്തലെ 15-ാം വാർഡിൽ മങ്ങാട്മുരുപ്പ് കോളനി സമഗ്രവികസനം	400000	153743
24	98	കൊടുമൺ ഗ്രാമപഞ്ചായത്തിലെ 18-ാം വാർഡിൽ ഇടത്തിട്ട പ്രഭാത് കോളനി നവീകരണം	300000	130905
		ആകെ		8838486

Local Fund Audit Department

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

Local Fund Audit Department